

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

# TIMES of AMERICA

2017 മാർച്ച്

Volume VIII Issue 03

Times of America Online Monthly News Journal.
web:**mytimesofamerica.com**

Tel: 267-991-2111
e-mail:**timesofamerica@yahoo.com**




9

മതം തലോടാനാണ്. രാഷ്ട്രീയം തലോടാനാണെന്നു ഞാൻ പറയും. രാഷ്ട്രീയത്തിൽ കലാപം വേണ്ടേ? കലാപവും തലോടാനാണ്. രാഷ്ട്രീയത്തിൽ ഒച്ചയും വിളിയും ഒക്കെ വേണ്ടേ? രാഷ്ട്രീയത്തിൽ ബന്ദ് നടത്തണ്ടേ, ഹർത്താൽ നടത്തണ്ടേ. വേണ്ടായെന്നു ഞാൻ പറയും. അതൊന്നും തലോടാനുള്ളതല്ല. ദുഃഖിക്കുന്ന മനുഷ്യനെ തലോടണം. മതത്തിന്റെ ദൗത്യം തന്നെ അ താണ്. മതം ഉണ്ടായത് അതിനുവേണ്ടിയാണ്. ഭീകരത യും വർഗ്ഗീയതും മതമല്ല.



10



11



12

# ഓസ്കാർ വേദിയിലെ പിഴവ് തന്നെ വിമർശിച്ചതിനാലാണ് സംഭവിച്ചതെന്ന് പ്രസിഡന്റ് ട്രംപ്



*ലോസ് ആഞ്ജലസ്:* ഓസ്കാർ വേദിയിലെ മികച്ച സിനിമയുടെ പ്രഖ്യാപനത്തിൽ പിഴവ് വന്നത് തന്നെ വിമർശിച്ചതിനാലാണെന്ന് പ്രസിഡന്റ് ഡോണാൾഡ് ട്രംപ്. ചടങ്ങിനത്തിയവരെല്ലാം രാഷ്ട്രീയം മാത്രമാണ് ശ്രദ്ധിച്ചത്. അതുകൊണ്ടാണ് ചടങ്ങിന്റെ അവസാന സമയങ്ങൾ നാടകീയമായതെന്നും ട്രംപ് പ്രതികരിച്ചു.

ഇത് നിർഭാഗ്യകരമാണ്. ഓസ്കാർ ചടങ്ങിൽ ശോഭ കെടുത്തിയതായി അത്. മുമ്പ് താനും ഓസ്കാർ ചടങ്ങിൽ പങ്കെടുത്തിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓസ്കാർ ചടങ്ങിൽ മികച്ച സിനിമ പ്രഖ്യാപിച്ചപ്പോഴാണ് നാടകീയസംഭവം അരങ്ങേറിയത്. മികച്ച ചിത്രം ലാ ലാ ലാൻഡെന്ന് അവതാരകൻ പഖ്യാപിക്കുകയായിരുന്നു. എന്നാൽ പിഴവു മനസ്സിലാക്കിയ സംഘാടകർ അത് തിരുത്തുകയും മൂൺലൈറ്റാണ് മികച്ച ചിത്രമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

ട്രംപിനെ ശക്തമായി വിമർശിച്ചാണ് ഓസ്കാർ ചടങ്ങുകൾ ആരംഭിച്ചത്. അവതാരകൻ മുതൽ അവാർഡ് ജേതാക്കൾ വരെ ട്രംപിന്റെ വംശീയ നയങ്ങളെ രൂക്ഷമായി വിമർശിച്ചിരുന്നു. രാജ്യം വിഭജിച്ചു നിൽക്കുമ്പോൾ നമുക്കിവിടെ ഒന്നിച്ചു നിൽക്കാം എന്ന മുഖവുരയോടെയാണ് അവതാരകൻ സിമ്മി കെമ്മൽ ചടങ്ങ് തുടങ്ങിയത്.

## യുഎൻ ഡപ്യൂട്ടി സെക്രട്ടറി ആമിന മുഹമ്മദ് ചുമതലയേറ്റു



*ന്യൂയോർക്ക്:* ഐക്യരാഷ്ട്ര സഭ ഡപ്യൂട്ടി സെക്രട്ടറി ജനറലായി നൈജീരിയയുടെ മുൻ പരിസ്ഥിതി മന്ത്രി ആമിന മുഹമ്മദ്(55) ചുമതലയേറ്റു. ആമിന മുഹമ്മദ്, പരിസ്ഥിതി വികസനനയങ്ങളിൽ സ്ഥാനമൊഴിഞ്ഞ സെക്രട്ടറി ജനറൽ ബാൻകി മൂണിന്റെ ഉപദേശകയായിരുന്നു.

## വൈറ്റ് ഹൗസ് ജോലി ഉപേക്ഷിച്ചു

*വാഷിംഗ്ടൺ:* പ്രസിഡന്റ് ഡോണാൾഡ് ട്രംപ് വിവാദ യാത്രാവിലക്കിന് ഉത്തരവിട്ട ശേഷം ട്രംപ് ഭരണകൂടത്തിൽനിന്ന് രാജിവെച്ചതായി ബംഗ്ലാദേശ് വംശജ റുമാന അഹമ്മദ്. റുമാന 2011ലാണ് വൈറ്റ് ഹൗസിൽ ജോലി ചെയ്യാൻ തുടങ്ങിയത്. പിന്നീട് നാഷനൽ സെക്യൂരിറ്റി കൗൺസിലിൽ ചേരുകയായിരുന്നു. മുസ്ലിം സമുദായത്തെ തരംതാഴ്ത്തുന്ന രീതിയിലുള്ള ട്രംപിന്റെ അഭിപ്രായങ്ങളെ 2016ൽ ആശങ്കയോടെയാണ് കണ്ടത്. എന്നാൽ ട്രംപ് ഭരണകൂടത്തിന്റെ ഭാഗമായി നിൽക്കാനാണ് ആദ്യം തീരുമാനിച്ചത്. പ്രസിഡന്റിന്റെ പുതിയ തീരുമാനത്തിൽ പ്രതിഷേധിച്ചാണ് രാജിവെച്ചത്.

# വാൻഗോഗിന്റെ ചിത്രരചനാ സങ്കേതത്തിന്റെ ഉത്ഭവം കണ്ടെത്തിയതായി ഗവേഷകർ

*വാഷിംഗ്ടൺ:* ചിത്രകാരന്മാരായ വാൻഗോഗും ജോർജസ് സൂറതും ഉപയോഗിച്ചിരുന്ന ചിത്രരചന സങ്കേതത്തിന്റെ ഉദ്ഭവം കണ്ടെത്തിയതായി ഗവേഷകർ. 38000 വർഷം മുമ്പ് നിർമിച്ച കൊത്തുപണികളോടുകൂടിയ ചുണ്ണാമ്പുകല്ലുകൾ കണ്ടെത്തിയതാണ് വഴിത്തിരിവായത്. ആധുനിക കലാകാരന്മാർ ഉപയോഗിച്ചിരുന്ന പോയന്റലിസ്റ്റ് ചിത്രകലാരീതി ഏവർക്കും പരിചിതമാണ്.

എന്നാൽ, ഇത് പുരാതന യൂറോപ്പിലെ മനുഷ്യസംസ്കാരമായ ഓറിഗ്നാഷ്യനിന്റെ ഭാഗമാണെന്ന് തെളിഞ്ഞതായി ന്യൂയോർക്ക് സർവകലാശാലയിലെ നരവംശശാസ്ത്രജ്ഞനായ രാണ്ടൽ വൈറ്റ് പറഞ്ഞു. ചെറിയ കുത്തുകളിലൂടെ വലിയ ചിത്രം വരക്കുന്ന പോയന്റലിസം എന്ന ചിത്രകലാരീതി പ്രചാരത്തിൽ വന്നത് 1880കളിലാണ്. എന്നാൽ, ഇത് 35000 വർഷങ്ങൾക്കു മുമ്പുണ്ടായിരുന്നതിന്റെ തെളിവുകളാണ് കണ്ടെത്തിയത്. ഫ്രാൻസിലെ വെസർ താഴ്വരയിൽ ഖനനം നടത്തിയപ്പോൾ ആയിരക്കണക്കിന് വർഷങ്ങൾ മുമ്പുള്ള മാമത്തുകളുടെയും കുതിരകളുടെയും ചിത്രങ്ങളാണ് കണ്ടെത്താനായത്.


GLOBAL TRAVEL EXPERTS
Our expertise, your benefits






REJI PHILIP
9823 Bustleton Ave
Philadelphia, PA 19115
Email: info@GTEtravels.com
www.GTEtravels.com

New York (516) 321-4200 | New Jersey (732) 853-8900 | Philadelphia (215) 464-8253 | Toll Free (855) 363-5848

# ടോം പെരസ് ചെയർമാൻ



*അറ്റ്ലന്റാ:* ഡമോക്രാറ്റിക് പാർട്ടിയുടെ ചരിത്രത്തിൽ ചെയർമാൻ സ്ഥാനത്ത് ആദ്യമായി ഒരു ലാറ്റിനോ തെരഞ്ഞെടുക്കപ്പെട്ടു.

നാഷണൽ കമ്മറ്റിയിലെ 435 വോട്ടർമാരിൽ 235 വോട്ടുകളാണ് പെരസിനു ലഭിച്ചത്. മിനിസോട്ടയിൽ നിന്നുള്ള പ്രതിനിധി കീത്ത എല്ലിസനെയാണ് പെരസ് പരാജയപ്പെടുത്തിയത്. പെരസിന്റെ വിജയം പ്രഖ്യാപിച്ചതോടെ പാർട്ടി വൈസ് ചെയർമാൻ സ്ഥാനത്തേക്ക് കീത്ത എല്ലിസനെ നോമിനേറ്റ് ചെയ്യുന്നതായി പെരസ് അറിയിച്ചു.

1987ൽ ഹാർവാർഡ് ലോ സ്കൂളിൽ നിന്നും ബിരുദമെടുത്തശേഷം ജസ്റ്റീസ് ഡിപ്പാർട്ടുമെന്റിൽ സിവിൽ റൈറ്റ്സ് അറ്റോർണിയായി പ്രവർത്തിച്ചിരുന്നു. ഡമോക്രാറ്റിക് ചെയർമാൻ സ്ഥാനത്തേക്കുള്ള യഥാർത്ഥ മത്സരം ഹിലരിയും സാന്റേഴ്സനും തമ്മിലായിരുന്നു. ഹിലരി പെരസിനെ പിന്തുണച്ചപ്പോൾ ബർണി സാന്റേഴ്സ് കീത്ത എല്ലിസനെയാണ് പിന്തുണച്ചത്. ട്രംപിനെതിരെ പട നയിക്കാൻ ഡമോക്രാറ്റിക് പാർട്ടി ലാറ്റിനോ പ്രതിനിധി ടോം പെരസിനെ തെരഞ്ഞെടുത്തത് രാഷ്ട്രീയ നിരീക്ഷകരിൽ കൗതുകം ഉണർത്തിയിട്ടുണ്ട്.

# ജിയോ സൗജന്യനിരക്കുകൾ അവസാനിപ്പിച്ചു




*മുംബൈ:* ജനപ്രിയ പ്ലാനുകളിലൂടെ ടെലികോം വിപണിയിൽ ആധിപത്യം നേടിയ റിലയൻസ് ജിയോ സൗജന്യനിരക്കുകൾ അവസാനിപ്പിച്ചതോടെ കമ്പനി കനത്ത തിരിച്ചടി നേരിടേണ്ടിവരുമെന്ന് വിലയിരുത്തൽ. ഏപ്രിൽ ഒന്നുമുതൽ സൗജന്യ സേവനങ്ങൾക്കു നിയന്ത്രണം ഏർപ്പെടുത്താനുള്ള റിലയൻസ് അധികൃതരുടെ തീരുമാനത്തെ തുടർന്ന് ജിയോക്ക് അഞ്ചുകോടി വരിക്കാരെ നഷ്ടമാകുമെന്നാണ് റിപ്പോർട്ടുകൾ. നിലവിലുള്ള വരിക്കാർക്കു ഏപ്രിൽ ഒന്നുമുതൽ ജിയോ സേവനങ്ങൾ ലഭിക്കണമെങ്കിൽ 99 രൂപ മുതൽ ആരംഭിക്കുന്ന വിവിധ താരിഫ് പ്ലാനുകളിൽ അനുയോജ്യമായത് തെരഞ്ഞെടുക്കേണ്ടിവരും.

കഴിഞ്ഞ ചൊവ്വാഴ്ചയാണ് റിയലൻസ് ചെയർമാൻ മുകേഷ് അംബാനി ജിയോയുടെ സൗജന്യ സേവനങ്ങൾക്കു നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള പുതിയ താരിഫ് പ്ലാനുകൾ അവതരിപ്പിച്ചത്.

# കൊച്ചി മെട്രോയുടെ സുരക്ഷാ ഉപദേഷ്ടാവ് മുൻ ഡി.ജി.പി



*തിരുവനന്തപുരം:* കൊച്ചി മെട്രോയുടെ സുരക്ഷാവിഭാഗം ഉപദേഷ്ടാവായി മുൻ ഡി.ജി.പി ജേക്കബ് പുന്നൂസിനെ നിയമിച്ചു. ഒരു സർക്കിൾ ഇൻസ്പെക്ടർ, മൂന്നു എസ്.ഐമാർ, മൂന്ന് എ.എസ്.ഐമാർ, 20 സിവിൽ പോലീസ് ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന 120 ഉദ്യോഗസ്ഥർക്കായിരിക്കും കൊച്ചി മെട്രോയുടെ സുരക്ഷാചുമതല. ഇവർക്കു പുറമെ സ്വകാര്യ മേഖലയിൽനിന്ന് 400 ഗാർഡുമാരെയും സുരക്ഷയ്ക്കായി നിയമിക്കും.






# സൊമാലിയായിൽ വരൾച്ചദുരിത അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു



*മൊഗാദിഷു:* കടുത്ത വരൾച്ച നേരിടുന്ന സൊമാലിയയിൽ വരൾച്ചയെ സർക്കാർ ദേശീയ ദുരന്തമായി പ്രഖ്യാപിച്ചു. പ്രസിഡന്റ് മുഹമ്മദ് അബ്ദുള്ളാഹിയാണ് പ്രഖ്യാപനം നടത്തിയത്.

25 വർഷത്തിനിടയിൽ മൂന്നാമത്തെ വലിയ വരൾച്ചയാണ് സൊമാലിയ നേരിടുന്നത്. 30 ലക്ഷത്തിലധികം ആളുകളാണ് സൊമാലിയായിൽ വരൾച്ചമൂലമുള്ള ദുരിതം അനുഭവിക്കുന്നത്. വരൾച്ച ബാധിത പ്രദേശങ്ങളിൽ മനുഷ്യത്വപരമായ ഇടപെടലുകൾ അടിയന്തരിമായി ഉണ്ടാവണമെന്ന് അദ്ദേഹം അന്താരാഷ്ട്ര സമൂഹത്തോട് അഭ്യർത്ഥിച്ചു.

# മൻ കി ബാതിനു പകരം കാം കി ബാത് തുടങ്ങണമെന്ന് മണിപ്പൂർ മുഖ്യമന്ത്രി

*ഇംഫാൽ:* പ്രധാനമന്ത്രി നരേന്ദ്ര മേദിയുടെ പ്രതിവാര റേഡിയോ പരിപാടിയായ മൻ കി ബാത് നിർത്തി കാം കി ബാത് തുടങ്ങണമെന്ന് മണിപ്പൂർ മുഖ്യമന്ത്രി ഒക്രാം ഇബോബി സിംഗ്.

ജോലി ചെയ്യാനുള്ള സംസാരമാണെന്നാണ് കാം കി ബാത് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കോൺഗ്രസ് ഉപാദ്ധ്യക്ഷൻ രാഹുൽ ഗാന്ധിയുൾപ്പെട്ട പൊതുസമ്മേളനത്തിലാണ് മുഖ്യമന്ത്രി ഇങ്ങനെ പറഞ്ഞത്.

ബി.ജെ.പിയുടെ കേന്ദ്രമന്ത്രിമാർ സംസ്ഥാനത്തു 90ൽ അധികം തവണ എത്തിയിട്ടുണ്ട്. ബി.ജെ.പി. ഓഫീസിലെത്തുന്ന ഇവർ പഴയ ഏതെങ്കിലും പദ്ധതിയുടെ ശിലാസ്ഥാപന കർമം നിർവ്വഹിച്ചു മടങ്ങും. ജിർബം-തുപുൽ-ഇംഫാൽ റെയിൽ പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്തു തുടങ്ങിവച്ചതാണ്. എന്നാൽ, 34 ടണലുകളിലും ശിലാസ്ഥാപനകർമം നടത്തണമെന്നാണ് ബി.ജെ.പിയുടെ ശ്രമമെന്നും അദ്ദേഹം കുറ്റപ്പെടുത്തി.




# സെൻകുമാറിനെതിരെ മുഖ്യമന്ത്രി

*തിരുവനന്തപുരം:* മുൻ പോലീസ് മേധാവി ടി.പി.സെൻകുമാറിനെതിരെ രൂക്ഷവിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ.

സെൻകുമാർ തെറ്റായ കാര്യങ്ങളാണ് പ്രചരിപ്പിക്കുന്നത്. സെൻകുമാർ രാഷ്ട്രീയം കളിക്കുകയാണ്. സർക്കാരിനെ അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണ് നടത്തുന്നത്– അദ്ദേഹം കൂട്ടിച്ചേർത്തു.

സെൻകുമാർ യു.ഡി.എഫ് പാളയംവിട്ട് പുതിയ പാളയം തേടിയിരിക്കുകയാണെന്നും അദ്ദേഹം കളിക്കുന്നത് യു.ഡി.എഫിനുവേണ്ടിയല്ലായെന്നും മുഖ്യമന്ത്രി പറഞ്ഞു.

# അതിരമ്പള്ളി പദ്ധതിയുമായി മുന്നോട്ട്: എം.എം. മണി



*തിരുവനന്തപുരം:* സംസ്ഥാനത്തെ വൈദ്യുതപ്രതിസന്ധിക്ക് ഒരുപരിധിവരെ പരിഹാരം കാണുന്ന പദ്ധതികളുമായി സർക്കാർ മുന്നോട്ടുപോകുമെന്ന് മന്ത്രി എം.എം. മണി നിയമസഭയെ അറിച്ചു.

അതിരമ്പള്ളി പദ്ധതിയും പരിഗണനയിലുണ്ടെന്ന് എൻ.ഷംസുദീന്റെ ചോദ്യത്തിനു മറുപടിയായി മന്ത്രി പറഞ്ഞു.

കാലവർഷത്തിന്റെ കുറവു കാരണം ആഭ്യന്തര വൈദ്യുതി ഉല്പാദനത്തിൽ 45 ശതമാനം കുറവു വന്നു. പ്രതിദിനം ശരാശരി 100 ലക്ഷം യൂണിറ്റ് വൈദ്യുതി കമ്മി ഉണ്ടാകുന്നുണ്ട്. 2016–17 കാലയളവിൽ 24,0650 ലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗമാണു കണക്കാക്കുന്നത്. ഇതിൽ 70000 ലക്ഷം യൂണിറ്റ് കേരളത്തിലെ ജലവൈദ്യുത പദ്ധതികളിൽ നിന്നാണ് ലക്ഷ്യമിടുന്നത്. സംഭരണികളിലെ നീരൊഴുക്കു കുറഞ്ഞതോടെ 32000 ലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമേ ലഭിക്കൂ.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് വിപുലമായ ബോധവത്കരണ കാംപെയ്ൻ സർക്കാർ ആലോചനയിലാണ്. കാലവർഷത്തിലുണ്ടായ കുറവ് വൈദ്യുതി ഉല്പാദനത്തെ ബാധിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്ത് ലോഡ് ഷെഡിംഗോ, പവർകട്ടോ ഉദ്ദേശിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു.

# അതിരമ്പള്ളി പദ്ധതിയുമായി മുന്നോട്ടുപോയാൽ എതിർക്കും: വി.എം. സുധീരൻ



*തിരുവനന്തപുരം:* അതിരമ്പള്ളി പദ്ധതിയുമായി സർക്കർ മുന്നോട്ടുപോയാൽ അതിനെ എതിർക്കുമെന്ന് കെ.പി.സി.സി. പ്രസിഡന്റെ വി.എം.സുധീരൻ പറഞ്ഞു.

പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ ജലം ഇല്ല. പദ്ധതികൊണ്ട് ലക്ഷ്യമിട്ട വൈദ്യുതി ഉല്പാദിപ്പിക്കാനാവില്ല. വൈദ്യുതി ഉല്പാദന ചെലവ് കണക്കാക്കുന്നതിലും വളരെ കൂടുതലാണ്. പൊതുവെ സമൂഹത്തിന് കോട്ടമായിത്തീരുന്ന ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ വൈദ്യുതിബോർഡിലെ കോൺട്രാക്ടേഴ്സ് ലോബിക്കുമാത്രമാണ് നേട്ടം.

ക്രമസമാധാന തകർച്ചയ്ക്കും വിലക്കയറ്റത്തിനും എതിരെ സർക്കാരിനെതിരെ ഉയരുന്ന ജനരോഷത്തിൽ നിന്നു ജനശ്രദ്ധ തിരിച്ചുവിടുന്നതിനാണ് അതിരപ്പള്ളി പദ്ധതിയുമായി സർക്കാർ മുന്നോട്ടു പോകുന്നതെന്നും അദ്ദേഹം പറഞ്ഞു.

# മുഖ്യമന്ത്രിയെ തടയുമെന്ന് ആരും പറഞ്ഞിട്ടില്ല: കുമ്മനം



*ഹരിപ്പാട്:* മുഖ്യമന്ത്രി പിണറായി വിജയനെ മംഗളൂരുവിൽ തടയുമെന്ന് ആരും പറഞ്ഞിട്ടില്ലെന്ന് ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കുമ്മനം രാജശേഖരൻ.

അക്രമരാഷ്ട്രീയത്തിനും ഗുണ്ടാ ആക്രമണങ്ങൾക്കുമെതിരെ ബി.ജി.പി. ജില്ലാ സെക്രട്ടറി അഡ്വ.അശ്വനിദേവിന്റെ നേതൃത്വത്തിൽ ഹരിപ്പാട് നടത്തിയ സത്യഗ്രഹ സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പിണറായിയെ തടയുമെന്നു പറഞ്ഞിരുന്നെങ്കിൽ അതു നടപ്പാക്കാനുള്ള സംഘടനാശേഷി ഞങ്ങൾക്കുണ്ട്. കേരളത്തിലെ ആക്രമണങ്ങൾക്കെതിരെ പ്രതിഷേധിക്കുക മാത്രമായിരുന്നു ലക്ഷ്യം. ആയിരക്കണക്കിനു പോലീസ്കാരുടെ നടുവിൽ നിന്നു വീമ്പിളക്കലല്ല വേണ്ടത്.

# ഗുണ്ടാവിളയാട്ടം: പ്രതിപക്ഷം നിയമസഭയിൽ നിന്നും ഇറങ്ങിപ്പോയി



*തിരുവനന്തപുരം:* സംസ്ഥാനത്തു ഗുണ്ട–മാഫിയ വിളയാട്ടം നടക്കുകയാണെന്നും ഗുണ്ടാ സംഘങ്ങൾക്കു സർക്കാർ ഒത്താശ ചെയ്യുന്നുവെന്നും ആരോപിച്ച് പ്രതിപക്ഷവും കേരള കോൺഗ്രസ് എമ്മും ബിജെപിയും നിയമസഭയിൽനിന്നും ഇറങ്ങിപ്പോയി.

സംസ്ഥാന ജയിലുകളിൽ നിന്ന് 1850 തടവുകാരെ വിട്ടയക്കാൻ സർക്കാർ ശിപാർശ നൽകിയതിൽ ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുണ്ടോയെന്ന് നിശ്ചയമില്ലെന്നു മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സാധാരണ ശിക്ഷാ കാലയളവു പൂർത്തിയാക്കുന്നവരെയാണ് പുറത്തുവിടാൻ ശിപാർശ ചെയ്തിട്ടുള്ളത്. ടി.പി.വധക്കേസിലെ പ്രതികളുടെ ശിക്ഷാകാലാവധി 14 വർഷമാണ്. അത് പൂർത്തിയായിട്ടില്ല. ശിക്ഷാ കാലയളവു പൂർത്തിയാക്കാതെ പ്രതികളെ വിട്ടയയ്ക്കാൻ കഴിയുമോ എന്നറിയില്ലെന്നു മുഖ്യമന്ത്രി പറഞ്ഞു.

സ്ത്രീപീഡനകേസുകളുടെ കാര്യത്തിൽ സർക്കാർ ഒരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടി ശ്വേത മേനോനുണ്ടായ ദുരനുഭവം എല്ലാവർക്കും ഓർമയുണ്ടാവും. ശ്വേതയുടെ പരാതിയിൽ എന്തു സംഭവിച്ചുവെന്ന് എല്ലാവർക്കുമറിയാം.

ഡി.ജി.പി റാങ്കിലുള്ള ഉദ്യോഗസ്ഥനു പോലും രക്ഷയില്ലാത്ത അവസ്ഥയാണു സംസ്ഥാനത്തുണ്ടായിട്ടുള്ളതെന്ന് അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിയ തിരുവഞ്ചൂർ രാധാകൃഷ്ണൻ ആരോപിച്ചു.

# ടി.പി. സെൻകുമാറിനുനേരെയുള്ള പരാമർശം നിർഭാഗ്യകരം: രമേശ് ചെന്നിത്തല



*തിരുവനന്തപുരം:* പോലീസ് മേധാവിയായിരുന്ന ടി.പി. സെൻകുമാറിനെതിരെയുള്ള മുഖ്യമന്ത്രി പിണറായി വിജയന്റെ പരാമർശങ്ങൾ ദൗർഭാഗ്യകരമായിപ്പോയെന്ന് പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല. ഡിജിപിയായിരുന്ന കാലത്ത് സുചിന്തിതവും നീതിപൂർവ്വവും നിഷ്പക്ഷവുമായ നിലപാടുകളെടുത്ത ഉദ്യോഗസ്ഥനായിരുന്നു ടിപി സെൻകുമാർ എന്നും മുഖ്യമന്ത്രിയുടെ ഇത്തരം ബാലിശമായ ആരോപണങ്ങൾ നിർഭാഗ്യകരമാണെന്നും ചെന്നിത്തല കൂട്ടിച്ചേർത്തു. സംസ്ഥാനത്തെ ക്രമസമാധാനനില തകർന്നുവെന്നും നിയമപാലകർ കാഴ്ചക്കാരായി മാറിയെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

# മുന്തിരിവള്ളി തളിർക്കുമ്പോൾ കളക്ഷൻ 50 കോടി




മോഹൻലാൽ നായകനായ മുന്തിരിവള്ളികൾ തളിർക്കുമ്പോൾ പൂത്തുലഞ്ഞ് 50 കോടി നേടി. സിനിമയുടെ ഇന്ത്യൻ കളക്ഷൻ 38 കോടിയാണ്. ചിത്രത്തിന് വിദേശത്ത് കിട്ടിയ സ്വീകാര്യതയാണ് കളക്ഷൻ കൂടാൻ കാരണമായത്. ചിത്രം കേരളത്തിൽ മാത്രം പതിനായിരം ഷോ പൂർത്തിയാക്കി.

50 കോടി നേടുന്ന മൂന്നാമത്തെ മോഹൻലാൽ ചിത്രമാണ് മുന്തിരിവള്ളിതളിർക്കുമ്പോൾ. ഒപ്പം, ദൃശ്യം എന്നീ ചിത്രങ്ങളാണ് 50 കോടി നേടിയത്. വിദേശത്തും ചിത്രം സൂപ്പർ ഹിറ്റായി. ഗൾഫ് കേന്ദ്രങ്ങളിലും ചിത്രം വിജയമായി.

വെള്ളിമൂങ്ങയ്ക്കുശേഷം ജിബു ജേക്കബ് സംവിധാനം ചെയ്ത രണ്ടാമത്തെ ചിത്രമാണ് മുന്തിരിവള്ളികൾ തളിർക്കുമ്പോൾ. ദൃശ്യത്തിനുശേഷം മോഹൻലാൽ–മീന ജോഡികൾ ഒന്നിച്ച ചിത്രം എന്ന പ്രത്യേകതകൂടിയുണ്ട് ഈ സിനിമക്ക്. ഐമ, കലാഭവൻ ഷാജോൺ, അനൂപ് മോഹൻ, ഷറഫുദ്ദീൻ എന്നിവരാണ് മറ്റുതാരങ്ങൾ. വീക്കെൻഡ് ബ്ലോക് ബസ്റ്റേർസിന്റെ ബാനറിൽ സോഫിയ പോൾ ആണ് ചിത്രം നിർമ്മിച്ചത്.

# കാൻസാസിൽ ഇന്ത്യൻ അമേരിക്കൻ ഏവിയേഷൻ എൻജിനീയർ വെടിയേറ്റു മരിച്ചു

പി.പി.ചെറിയാൻ




*കാൻസാസ്:* കാൻസാസിൽ ഇന്ത്യൻ അമേരിക്കൻ ഏവിയേഷൻ എൻജിനിയർ വെടിയേറ്റു മരിച്ചു. ഹൈദരബാദ് സ്വദേശിയായ ശ്രീനിവാസ് കുച്ചിബോട്ട്ല എന്ന മുപ്പത്തിരണ്ടുകാരനാണ് അക്രമിയുടെ വെടിയേറ്റു മരിച്ചത്.

ഫെബ്രുവരി 22നാണ് സംഭവം. കാൻസാസ് സിറ്റിയിലെ ബാർ ഹോട്ടലിൽ ഭക്ഷണം കഴിക്കാനെത്തിയതായിരുന്നു ശ്രീനിവാസും സുഹൃത്ത് അലോക് മഡസാനിയും. ഈ സമയം അവിടെയുണ്ടായിരുന്ന അക്രമി യാതൊരു പ്രകോപനവും കൂടാതെ ഗെറ്റ് ഔട്ട് ഓഫ് മൈ കൺട്രി എന്ന് ആക്രോശിച്ചുകൊണ്ട് ഇരുവർക്കും നേരെ വെടിയുതിർക്കുകയായിരുന്നു. വംശീയ വിദ്വേഷമാണ് ഇതിനു പിന്നിലെന്ന് പൊലീസ് പറഞ്ഞു. തടസ്സം പിടിക്കാൻ എത്തിയ മറ്റൊരു അമേരിക്കൻ പൗരനും പരിക്കേറ്റിട്ടുണ്ട്. അമ്പത്തൊന്നുകാരനായ മുൻ മേധാവി ഉദ്യോഗസ്ഥനായ അക്രമിയെ 23ന് പുലർച്ചെ പൊലീസ് അറസ്റ്റു ചെയ്തു. സംഭവത്തെക്കുറിച്ച് എഫ്.ബി.ഐ. അന്വേഷണം ആരംഭിച്ചു.

ശ്രീനിവാസ് കുച്ചിലബോട്ല കാൻസാസിലെ ഒലാതെയിൽ ഗാർമിൻ ഹെഡ്ക്വാട്ടേഴ്സിൽ ജി.പി.എസ്.സിസ്റ്റംസ് നിർമിക്കുന്ന കമ്പനിയിൽ ജോലി ചെയ്തുവരികയായിരുന്നു. 2014ൽ ആണ് ശ്രീനിവാസ് ഇവിടെ ജോലിയിൽ പ്രവേശിച്ചത്. ഭാര്യ സുനയന ദുമലയും ഇവിടെ ഒരു കമ്പനിയിൽ ജോലി ചെയ്തുവരികയാണ്. സംഭവമറിഞ്ഞയുടനെ ഇന്ത്യൻ എംബസി രണ്ടു ഉദ്യോഗസ്ഥരെ കാൻസാസിലേക്ക് അയച്ചു.

# സോഷ്യൽ ക്ലബിന്റെ നാലാമത് ചീട്ടുകളി മത്സരം 11ന്






*ഷിക്കാഗോ:* സോഷ്യൽ ക്ലബിന്റെ നാലാമത് ചീട്ടുകളി മത്സരം 11ന് രാവിലെ 9 മണി മുതൽ ചിക്കാഗോ കെ.സി.എസ്. കമ്യൂണിറ്റി സെന്ററിൽ വച്ച് നടക്കും. മത്സരത്തിൽ 18 വയസ്സിനു മുകളിലുള്ള മലയാളികളായ സ്ത്രീപുരുഷന്മാർക്ക് പങ്കെടുക്കാം.

ഒന്നാം സ്ഥാനം ലഭിക്കുന്ന ടീമിനു ജോമോൻ തൊടുകയിൽ സ്പോൺസർ ചെയ്ത 1001 ഡോളറും ലൂക്കാച്ചൻ തൊടുകയിൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും, രണ്ടാം സ്ഥാനം ലഭിക്കുന്ന ടീമിനു സോഷ്യൽ ക്ലബ് എക്സിക്യൂട്ടീവ് സ്പോൺസർ ചെയ്യുന്ന 501 ഡോളറും എവർ റോളിംഗ് ട്രോഫിയും നൽകുന്നതാണ്.

റമ്മി ഒന്നാംസ്ഥാനം ലഭിക്കുന്ന വ്യക്തിക്ക് ടിറ്റോ കണ്ടാരപ്പള്ളിൽ സ്പോൺസർ ചെയ്യുന്ന 1001 ഡോളറും തോമസ് കണ്ടാരപ്പള്ളിൽ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും, രണ്ടാം സ്ഥാനം ലഭിക്കുന്ന വ്യക്തിക്ക് ജിബി കൊല്ലപ്പള്ളിയിൽ സ്പോൺസർ ചെയ്യുന്ന 501 ഡോളറും തോമസ് കൊല്ലപ്പള്ളിയിൽ എവർ റോളിംഗ് ട്രോഫിയും മൂന്നാം സ്ഥാനം ലഭിക്കുന്ന വ്യക്തിക്ക് സോഷ്യൽ ക്ലബ് നൽകുന്ന 251 ഡോളറും നൽകുന്നതാണ്.

ടൂർണമെന്റിന്റെ കൺവീനറായി പ്രവർത്തിക്കുന്നത് ജോസ് മക്കാട്ടും, അഭിലാഷ് നെല്ലാമറ്റവുമാണ്.



വാർത്താസമാഹരണം
ജോയിച്ചൻ പുതുക്കുളം

# ഏകദിന ഹെൽത്ത് ക്ലിനിക് ക്യാമ്പ് മാർച്ച് 26ന്



*ഷിക്കാഗോ:* മിഷിഗണിലെ ഫിസിക്കൽ തെറാപ്പി മേഖലയിൽ ജോലി ചെയ്യുന്ന മലയാളി ഫിസിക്കൽ തെറാപ്പിസ്റ്റുകളുടെ സംഘടനയായ എംപിടിഎ ഈ വർഷത്തെ ഏകദിന ഹെൽത്ത് ക്ലിനിക് ക്യാമ്പ് മാർച്ച് 26ന്.

സൗത്ത് ഫീൽഡിലെ സെന്റ് തോമസ് കാത്തലിക് ചർച്ച് ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്ന ക്യാമ്പിൽ ഈ വർഷം നഴ്സ്മാരുടെ സേവനം കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് പ്രസിഡന്റ് അഭിലാഷ് പോളും സെക്രട്ടറി ഈപ്പൻ ചെറിയാനും അറിയിച്ചു.

ഫിസിക്കൽ തെറാപ്പിയുമായി ബന്ധപ്പെട്ട വിവിധ തരത്തിലുള്ള രോഗനിർണ്ണയങ്ങളോടും ബോധവത്കരണക്ലാസുകളോടുമൊപ്പം നഴ്സുമാരുടെ സഹായത്തോടെ ബ്ലഡ് പ്രഷർ, ഡയബറ്റീസ് തുടങ്ങി നിരവധി രോഗങ്ങളുടെ ടെസ്റ്റുകളും തികച്ചും സൗജന്യമായി നടത്തുന്നതാണ്.

മിഷിഗൺ മലയാളി സമൂഹത്തിലെ ഫിസിക്കൽ തെറാപ്പിസ്റ്റുകളുടെ കരിയർ വികസന രംഗത്തും അതോടൊപ്പം തന്നെ മിഷിഗണിലെ ഇന്ത്യൻ സമൂഹത്തിൽ ജീവിതശൈലി രോഗങ്ങളെ അകറ്റി നിർത്തുവാൻ വേണ്ട ആരോഗ്യ ബോധവത്കരണ ക്ലാസുകളും സെമിനാറുകളും നടത്തുന്നതിൽ സംഘടനയുടെ പ്രവർത്തനങ്ങളെ മിഷിഗണിലെ വിവിധ സാംസ്കാരിക സംഘടനകളുടെ ഭാരവാഹികൾ പ്രശംസിച്ചു.

മിഷിഗൺ മലയാളി സമൂഹത്തിൽ നിരവധി സാംസ്കാരിക, സാഹിത്യ, മത സംഘടനകളുണ്ടെങ്കിലും പ്രൊഫണൽ രംഗത്ത് ജോലി ചെയ്യുന്നവരുടെ കൂട്ടായ്മയിലൂടെ കരിയറിലും പ്രൊഫഷണൽ രംഗത്തും ധാരാളം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് ട്രഷറർ ജോൺ ചോറത്തും വൈസ് പ്രസിഡന്റ് സിമി മാമനും പ്രസിഡന്റ് അഭിലാഷ് പോളും പറഞ്ഞു.

# വേൾഡ് മലയാളി കൗൺസിൽ ഡാളസ് ഗുഡ് വിൽ അംബാസഡറായ ഏലിക്കുട്ടി ഫ്രാൻസിസിനെ ആദ



*ഡാളസ്:* വേൾഡ് മലയാളി കൗൺസിലിന്റെ ഡാളസ് ശാഖയുടെ ഗുഡ് വിൽ അംബാസഡറായ ഏലിക്കുട്ടി ഫ്രാൻസിസിനെയും മറ്റു ഡബ്ല്യു എം.സി ഭാരവാഹികളെയും സ്പോൺസർമാരായ ടാലന്റ് ഷോയിൽ പങ്കെടുത്ത രണ്ടു ഡാൻസ് സ്കൂളുകളെയും ആദരിച്ചു. സംഘടനയ്ക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും നൽകിയ സംഭാവനകളെ മാനിച്ചാണ് ആദരവ്.

സെന്റ് മേരീസ് വലിയ പള്ളി ഓഡിറ്റോറിയത്തിൽ ടാലന്റ് ഷോയോടനുബന്ധിച്ചു നടത്തിയ സമ്മേളനത്തിൽ സ്റ്റാഫോർഡ് സിറ്റി ഡെപ്യൂട്ടി മേയർ കെൻ മാത്യവും റോക്ലൻഡ് കൗണ്ടി ലെജിസ്ലേറ്റർ ഡോ.ആനി പോളും പ്ലാക്കുകൾ സമ്മാനിച്ചു.

നഴ്സ് അസോസിയേഷന്റെയും മലയാളി നഴ്സുമാരുടെയും ഉന്നമനത്തിനുവേണ്ടി അഹോരാർത്ഥം പ്രവർത്തിച്ച വനിതയാണ് ഏലിക്കുട്ടി ഫ്രാൻസിസ്. ഡാളസിലെ കൗണ്ടിൽ ഹോസ്പിറ്റൽ പാർക്ലാന്റിൽ സീനിയർ സൂപ്പർവൈസർ ആയി വിരമിച്ച ഏലിക്കുട്ടി സംഘടനക്കുവേണ്ടിയും സമൂഹത്തിനുവേണ്ടിയും പ്രവർത്തിക്കുന്നു.

റിഥം ഓഫ് ഡാളസ് പ്രിൻസിപ്പൽ ഷൈനി ഫിലിപ്പ് സ്കൂളിനുവേണ്ടി പ്ലാക്കു ഏറ്റുവാങ്ങി. ബിജു തോമസ് (ലോസാൻ ട്രാവൽസ്), ജോസ് ഓച്ചാലിൽ (ലാനാ പ്രസിഡന്റ്), റീജനൽ ചെയർമാൻ ജോർജ് പനയ്ക്കൽ, റവ.ഏബ്രഹാം തോട്ടത്തിൽ, ഗ്ലോബൽ യൂത്ത് ഫോറം പ്രസിഡന്റ് സുധീർ നമ്പ്യാർ, ഗ്ലോബൽ ബിസിനസ് ഫോറം പ്രസിഡന്റ് തോമസ് മൊട്ടയ്ക്കൽ, ന്യൂജേഴ്സ് പ്രൊവിൻസ് പ്രസിഡന്റ് തങ്കമണി അരവിന്ദൻ, ഡാളസ് ഡി.എഫ്.ഡബ്ല്യു പ്രസിഡന്റ് തോമസ് ഏബ്രഹാം, സാബു ജോസഫ് സി.പി.എ ഇക്കണോമിക്സ് ആൻഡ് സ്ട്രാറ്റജിക് ഫോറം പ്രസിഡന്റ്, റീജൻ വൈസ് ചെയർമാൻ വർഗീസ് കയ്യാലക്കകം, സെക്രട്ടറി രാജൻ മാത്യു, ചെയർമാൻ തോമസ് ചെല്ലേത്, അഡ്വൈസറി ചെയർമാൻ ടി.സി.ചാക്കോ, വൈസ് ചെയർമാൻ ഷേർലി ഷാജി, തോമസു കുട്ടി, കർഷക ഫോറം ജേക്കബ് മാലിക്കാരുകയിൽ എന്നിവരും പ്ലാക്കുകൾ സ്വീകരിച്ചു.

# ഫൊക്കാന കേരള കൺവൻഷൻ ഓഗസ്റ്റ് 4ന്



*ഷിക്കാഗോ:* ഫോമ കേരള കൺവൻഷൻ ഓഗസ്റ്റ് 4ന് തിരുവനന്തപുരത്ത് മസ്ക്കറ്റ് ഹോട്ടലിൽ നടത്തുവാൻ തീരുമാനിച്ചു. പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി ഫോമ മുൻ പ്രസിഡന്റ് ജോൺ ടൈറ്റസ് (ബാബു) ചെയർമാനായി കമ്മറ്റി രൂപീകരിച്ചു.

ഫോമ കേരള കൺവൻഷൻ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ട ജോൺ ടൈറ്റസിനെ പ്രസിഡന്റ് ബെന്നി വാച്ചാച്ചിറ അഭിനന്ദിച്ചു.

# ദലൈലാമ പങ്കെടുക്കുന്നതിൽ പ്രതിഷേധം



*വാഷിംഗ്ടൺ:* അദ്ധ്യയന വർഷം ആരംഭിക്കുന്നതിനോടനുബന്ധിച്ച ചടങ്ങിൽ തിബത്തൻ ആത്മീയ നേതാവ് ദലൈ ലാമയെ ക്ഷണിക്കാനുള്ള കാലിഫോർണിയയിലെ സർവകലാശാലയുടെ തീരുമാനത്തിനെതിരെ വൻ പ്രതിഷേധം..

സാൻ ഡീഗോ സർവ്വകലാശാലയിലെ ചൈനീസ് വിദ്യാർത്ഥികളാണ് പ്രതിഷേധവുമായി മുന്നിട്ടിറങ്ങിയത്. വാൻ ഡീഗോ സർവ്വകലാശാലയാണ് ചടങ്ങിൽ സംസാരിക്കാൻ ദലൈലാമയെ ക്ഷണിച്ചത്. ആഗോള ഉത്തരവാദിത്തവും മനുഷ്യസമൂഹത്തിനുള്ള സേവനവും എന്ന ദലൈലാമയുടെ ആശയത്തെ പ്രോത്സാഹിപ്പിക്കുന്നതിനാണ് വാൻ ഡീഗോ അദ്ദേഹത്തെ ക്ഷണിച്ചത്.

ദലൈലാമയെ ക്ഷണിച്ചതിലൂടെ തങ്ങളെ സർവ്വകലാശാല അപമാനിച്ചുവെന്നാണ് ചൈനീസ് വിദ്യാർത്ഥികളുടെ നിലപാട്.

പ്രതിഷേധം നിലനിൽക്കെ സർവ്വകലാശാലയുടെ തീരുമാനത്തിനു മാറ്റമില്ലെന്നു ബന്ധപ്പെട്ടവർ അറിയിച്ചു.

തിബത്തൻ സ്വയംഭരണത്തിനായി അവകാശമുന്നയിക്കുന്ന ദലൈ ലാമയെ വിഘടനവാദിയായിട്ടാണ് ചൈന പരിഗണിക്കുന്നത്.

# ജെയ്നിസം പഠനത്തിനായി ഒന്നര മില്യൻ ഡോളർ സംഭാവന

*കാലിഫോർണിയ:* യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിൽ ജെയ്നിസം പഠനത്തിനായി ഇന്ത്യൻ അമേരിക്കൻ സാമൂഹിക പ്രവർത്തക മോഹിനി ജെയിൻ ഒന്നര മില്യൻ ഡോളർ സംഭാവന നൽകി.

1980ൽ യു.എസിൽ ഗവേഷണ വിദ്യാർത്ഥിയായിരുന്ന മോഹിനി ജെയിൻ, 19 വർഷം അദ്ധ്യാപികയായി പ്രവർത്തിച്ച ശേഷം 2008ലാണ് റിട്ടയർ ചെയ്തത്. ജെയിൻ നൽകിയ സംഭാവനയിൽ താൻ അതീവ സന്തുഷ്ടനാണെന്ന് താല്ക്കാലിക ചാൻസിലർ ചുമതലയുള്ള റാൾഫ് ജെ. ഹെക്സ്റ്റർ പറഞ്ഞു. യൂണിവേഴ്സിറ്റി എൻജിനീയറിംഗ് കോളജിലെ സമർത്ഥനായ വിദ്യാർത്ഥിക്ക് എല്ലാവർഷവും ജയിനിന്റെ അന്തരിച്ച ഭർത്താവ് അനിൽ കെ.ജെയ്നിന്റെ പേരിൽ പ്രത്യേക സ്കോളർഷിപ്പ് ഏർപ്പെടുത്തും.

മോഹിനി ജയിൻ നൽകിയ സംഭാവനയെ ആദരിച്ച് ഡിപ്പാർട്ട്മെന്റ് ഓ് റിലീജിയൻസ് സ്റ്റഡീസിൽ ജെയിനെ പ്രസിഡൻഷ്യൽ ചെയറായി നിയമിച്ചതായി ചാൻസലർ അറിയിച്ചു.

# ജോൺ ഐസക്കിന് പുരസ്കാരം

*ന്യൂയോർക്ക്:* റിപ്പബ്ലിക്കൻ പാർട്ടിയുടെ പതിനേഴാമത് ലിങ്കൻ ഡോ വോളന്റിയർ ഓഫ് ദി ഇയർ പുരസ്കാരം ജോൺ ഐസക്കിന്. യോങ്കേഴ്സിലെ വെസ്റ്റ് ചെസ്റ്റർ മാനറിൽ നടന്ന ലിങ്കൻ ഡേ ബ്രേക്ക് ഫാസ്റ്റിൽ കൗണ്ടി എക്സിക്യൂട്ടീവ് റോബ് ആസ്ട്രിനോവിൽ നിന്ന് ജോൺ ഐസക് പുരസ്കാരം ഏറ്റുവാങ്ങി.

ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക് കമ്മറ്റിയുടെ സെക്രട്ടറി കൂടിയായ ജോൺ, പുരസ്കാര ദാനച്ചടങ്ങിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ ഉന്നത നേതാക്കൾ പങ്കെടുത്തു.

# പ്രതിഭ പുരസ്കാരം പാർത്ഥസാരഥി പിള്ളയ്ക്ക് സമ്മാനിച്ചു.



*ന്യൂയോർക്ക്:* പോത്തൻകോട് ശാന്തിഗിരി ആശ്രമത്തിൽ പൂജിതപീഠം സമർപ്പണം ആഘോഷത്തോടനുബന്ധിച്ച് ഏർപ്പെടുത്തിയ പ്രതിഭ പുരസ്കാരം ന്യൂയോർക്ക് വേൾഡ് അയ്യപ്പസേവാ ട്രസ്റ്റ് പ്രസിഡന്റ് കെ.എൻ.പാർത്ഥസാരഥി പിള്ളയ്ക്കു സമ്മാനിച്ചു.

ശാന്തിഗിരി ആശ്രമത്തിൽ നടന്ന ചടങ്ങിൽ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനാണ് അവാർഡ് സമ്മാനിച്ചത്. ഗുരുവന്ദനത്തിന്റെയും ഗുരുപരമ്പരയുടെയും മതേതരത്വത്തിന്റെയും പ്രസക്തി ഈ കാലഘട്ടത്തിൽ വിളിച്ചോതുന്ന ഇടമാണ് ശാന്തിഗിരി എന്നും സ്വജീവിതം കൊണ്ട് ഗുരുപരമ്പരയുടെ പ്രാധാന്യം സാക്ഷാത്കരിക്കുന്ന പൂജിതപീഠം സമർപ്പണം ആഘോഷം എന്തുകൊണ്ടും പ്രത്യേകതയുള്ളതാണെന്നും മന്ത്രി പറഞ്ഞു.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശം പരത്തുന്ന ശാന്തിഗിരിയുടെ പ്രവർത്തനം ലോകം അറിയണമെന്ന് പാർത്ഥസാരഥിപ്പിള്ള മറുപടി പ്രസംഗത്തിൽ പറഞ്ഞു.

ഒമാനിലെ പാർലമെന്റ് അംഗം അഹമ്മദ് മുഹമ്മദ് യഹിൻ അൽ ഹദബി, നടിയും മുൻ എം.പിയുമായ ഡോ. ഉർവശി ശാരദ, നാഷണൽ ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് സി.ഇ.ഒ. മനീഷ് കുമാർ എന്നിവരും പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. ചടങ്ങിൽ കരുണാകര ഗുരുവിന്റെ ത്യാഗജീവിതം വിവരിക്കുന്ന സദ്ഗുരുശിഷ്യദീപ്തി എന്ന പുസ്തകത്തിന്റെ പ്രകാശനം സി.ദിവാകരൻ എം.എൽ.എ നിർവ്വഹിച്ചു. ഓർഗനൈസിംഗ് ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അദ്ധ്യക്ഷത വഹിച്ചു. പാച്ചല്ലൂർ അബ്ദുൾ സലിം മൗലവി, ഫാ. ജോസ് കിഴക്കേടം, ജമാഅത്തെ ഇസ്ലാമി തിരുവനന്തപുരം പ്രസിഡന്റ് ജനാബ് എച്.ഷബീർ മൗലവി തുടങ്ങിയവർ പ്രസംഗിച്ചു.

# ഡാളസ് ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ ശിവരാത്രി മഹോത്സവം



**സന്തോഷ് പിള്ള**

*ഡാളസ്:* ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ ശിവരാത്രി മഹോത്സവം ആഘോഷിച്ചു. മൂന്നു ദിവസം നീണ്ടുനിന്ന ചടങ്ങുകൾക്ക് ക്ഷേത്ര ശാന്തിമാരായ വിനയൻ നീലമനയും പദ്മനാഭൻ ഇരിഞ്ഞാടപ്പള്ളിയും കാർമികത്വം വഹിച്ചു.

പഴിനേഴ് വർഷത്തിലേറെയായി, കേരളത്തിലെ പ്രസിദ്ധ ഏറ്റുമാനൂർ മഹാദേവ ക്ഷേത്രത്തിൽ കൊടിയേറ്റിന് ബൃഹത്തായ കളം ഒരുക്കുന്ന ഹരിഭവനിലെ കെ.സി.തങ്കപ്പനാണ് ഡാളസ് ശ്രീഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ ശിവരാത്രിയോടനുബന്ധിച്ച് കളം ഒരുക്കിയത്. കേരളാ ഹിന്ദു സൊസൈറ്റി ട്രസ്റ്റി ബോർഡ് ചെയർമാൻ കേശവൻനായർ, പ്രസിഡന്റ് രാമചന്ദ്രൻ നായർ എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

# ഒക്കലഹോമ മലയാളി അസോസിയേഷന് പുതിയ ഭാരവാഹികൾ

**ഷാജി ജോർജ്**

*ഒക്കലഹോമ:* ഒക്കലഹോമ മലയാളികളുടെ സാമൂഹിക സാംസ്കാരിക സംഘടനയായ ഒക്കലഹോമ മലയാളി അസോസിയേഷന് പുതിയ ഭാരവാഹികൾ.

പ്രസിഡന്റ് ജയചന്ദ് വാര്യത്തോടി, വൈസ്.പ്രസിഡന്റ് സാം ജോൺ, സെക്രട്ടറി ഷാജി ജോർജ്, ട്രഷറർ ജേക്കബ് ജോൺ, ജോ.സെക്രട്ടറി ഫിലിപ്പ് ആന്റണി, ആർട്സ് കോർഡിനറ്റർ ഏഞ്ചല ഉമ്മൻ, യൂത്ത് കോർഡിനേറ്റർ അനിഷ് നമ്പ്യാർ, സ്പോർട്സ് കോർഡിനേറ്റർ ഷിബു ജോർജ്, കെന്നി ജോർജ്, ജോബി ജോസഫ്, മാത്യു ഫ്രാൻസിസ്, ഷൈനി മാനുവേൽ, പ്രവീൺ തോമസ്, ഡൊമിനിക് ആന്റണി, ജെസ്റ്റൻ ജോൺ എന്നിവർ അംഗങ്ങളുമാണ്.

വിപുലമായ പരിപാടികൾ ഈ വർഷം നടത്തുവാൻ ഉദ്ദേശിക്കുന്നതായി പ്രസിഡന്റ് ജയചന്ദ് അറിയിച്ചു. സെമിനാറുകൾ, ഇൻഡ്യൻ കോൺസുലേറ്റ് ക്യാമ്പുകൾ, മിസ് ഒ.എം.എ സൗന്ദര്യമത്സരം, സീനിയേഴ്സിനായി പ്രത്യേക പരിപാടികൾ, യുവജനങ്ങൾക്കായി ടാലന്റ് ഷോ, എജ്യുക്കേഷനൽ സെമിനാറുകൾ, കേരള കാർണിവൽ തുടങ്ങി വിവിധ പരിപാടികൾ നടപ്പിലാക്കുമെന്ന് പ്രസിഡന്റ് പറഞ്ഞു.

# മല്ലപ്പള്ളി കൂട്ടായ്മ നടന്നു

*ഹൂസ്റ്റൺ:* മല്ലപ്പള്ളിയിൽനിന്നും ഹൂസ്റ്റണിലും സമീപപ്രദേശങ്ങളിലും വന്ന് താമസിക്കുന്നവരുടെ കൂട്ടായ്മ മല്ലപ്പള്ളി സംഗമത്തിന്റെ വാർഷിക പൊതുയോഗം ഫെബ്രുവരി 25ന് സ്റ്റാഫോഡിൽ നടന്നു.

സംഗമത്തിന്റെ കാരുണ്യസ്പർശിയായ വിദ്യാഭ്യാസ സഹായ റിപ്പോർട്ടും കഴിഞ്ഞവർഷത്തെ പ്രവർത്തന റിപ്പോർട്ടും ട്രഷറർ സെന്നി ഉമ്മൻ അവതരിപ്പിച്ചു. പ്രസിഡന്റ് ചാക്കോ നൈനാൻ അദ്ധ്യക്ഷത വഹിച്ചു.

കൂടുതൽ വിവരങ്ങൾക്ക്: ചാക്കോ നൈനാൻ 832 661 7555

# ഡാളസിൽ ഏകദിനസെമിനാർ

**പി.പി.ചെറിയാൻ**



*ടെക്സാസ്:* ഇന്ത്യൻ വീസ, ഒ.സി.ഐ കാർഡ് എന്നിവ യു.എസ്. പാസ്പോർട്ട് ഹോൾഡേഴ്സിന് കാലതാമസം കൂടാതെ ലഭിക്കുന്നതിന് ഡാളസിൽ 18 ശനിയാഴ്ച ഹൂസ്റ്റണിൽ നിന്നുള്ള ഇന്ത്യൻ കോൺസുലേറ്റിൽ നിന്നുള്ള ഉദ്യോഗസ്ഥന്മാർ ഏകദിന ക്യാമ്പ് സംഘടിപ്പിക്കുന്നു.

രാവിലെ 9.30 മുതൽ വൈകിട്ട് 4.30വരെ ഫ്രിസ്കൊയിലെ കാര്യസിദ്ധി ഹനുമാൻ ടെമ്പിളിലാണ് ക്യാമ്പ് നടക്കുന്നത്. ഡാളസിലെ ഇന്ത്യൻ കമ്യൂണിറ്റി അസോസിയേഷനുകളുമായി സഹകരിച്ച് നടത്തുന്ന ക്യാമ്പിനെക്കുറിച്ചുള്ള വിശദവിവരം ഹൂസ്റ്റൺ കോൺസുലേറ്റുമായി ബന്ധപ്പെട്ടാൽ ലഭിക്കുമെന്ന് ഫെബ്രുവരി 20ന് പുറത്തിറക്കിയ പ്രസ്താവനയിൽ പറയുന്നു.

കൂടുതൽ വിവരങ്ങൾക്ക്: 713 626 2124.

# സീനായ് സ്കൂൾ ഓഫ് മെഡിസിനിലെ പൊതുമരുന്നു കണ്ടെത്തുന്ന ശാസ്ത്രസംഘത്തിൽ മലയാളി ഡോക്ടറും



*ന്യൂയോർക്ക്:* മൗണ്ട് സീനായ് സ്കൂൾ ഓഫ് മെഡിസിനിലെ പൊതുവായ മരുന്നു കണ്ടെത്തുന്ന സംഘത്തിൽ മലയാളി ഡോക്ടർ ഡോ.ഷമീർ ഖാദറും.

മുന്നൂറോളം മരുന്നുകളും ആയിരത്തിലധികം രോഗങ്ങളുടെയും ഡേറ്റ ശേഖരിച്ചതിനുശേഷം നടത്തിയ സമഗ്രമായ പഠനത്തിലൂടെ, ഏതെല്ലാം മരുന്നുകൾക്ക് ഒന്നിലധികം അസുഖങ്ങളെ ഭേദമാക്കാൻ സാധിക്കുമെന്നും ഈ സംഘം കണ്ടെത്തിയിരിക്കുന്നു.

ഈ പഠനത്തിലൂടെ ഡ്രഗ് റീപൊസിഷനിങ് എങ്ങനെ സാധ്യമാകുന്നു എന്നും, ഏതൊക്കെ തരത്തിലുള്ള രാസമൂലകങ്ങൾ അടങ്ങിയ മരുന്നുകൾ ആണ് ഇത്തരത്തിൽ വികസിപ്പിക്കാം എന്നും കണ്ടെത്തിയിരിക്കുന്നത്. ഒന്നിൽ കൂടുതൽ അസുഖങ്ങൾക്കു ഉപയോഗിക്കാവുന്ന മരുന്നുകൾ കണ്ടെത്തുക വഴി മാർക്കറ്റിൽ ഇതുവരെ ലഭിക്കാത്തതും പല രോഗങ്ങൾക്ക് ഒരുപോലെ ഫലപ്രദവുമായ മരുന്നുകൾ പ്രാദേശികാടിസ്ഥാനത്തിൽ പേറ്റന്റുകളുടെ നിയന്ത്രണം ഇല്ലാതെ നിർമ്മിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മഹാത്മഗാന്ധി സർവ്വകലാശാലയിലെ മുൻവിദ്യാർത്ഥിയായ ഡോ.ഷമീർ ഖാദറും ഈ സംഘത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

അമേരിക്കയിലെ ഹാർവാർഡ് യൂണിവേഴ്സിറ്റി, എം.ഐ.റ്റി എന്നീ സർവ്വകലാശാലയിലെ ഫെലോഷിപ്പ് പൂർത്തിയാക്കിയ ഡോ.ഷമീർ, മായോ ക്ലിനിക്, മൗണ്ട് സീനായ് തുടങ്ങിയ സർവകലാശാലയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇപ്പോൾ ഫിലിപ്സ് ഹെൽത്ത് കെയർ എന്ന മൾട്ടി നാഷനൽ കമ്പനിയിൽ ഡയറക്ടറാണ്. ജനിതക വിവരങ്ങൾ ഉപയോഗിച്ചുള്ള ചികിത്സാരീതികളും, നാനോ ടെക്നോളജി, ഡ്രഗ് റെപ്പോസിഷനിംഗ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നീ മേഖലകൾ ഏകോപിപ്പിച്ച് ചെലവു കുറഞ്ഞതും പാർശ്വഫലം ഇല്ലാത്തതുമായ മരുന്നുകളും നിർമ്മിക്കുന്ന സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഡോ.ഷമീർ തൃശൂർ സ്വദേശിയാണ്.

# ക്നനായ കാത്തലിക് സൊസൈറ്റിയുടെ വാർഷികാഘോഷം നടന്നു



*ഹൂസ്റ്റൺ:* ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പുതിയ കമ്മറ്റിയുടെ പ്രവർത്തന ഉദ്ഘാടനം ക്നാനായ കാത്തലിക് കമ്യൂണിറ്റി സെന്ററിൽ എച്.കെ.സി.എസ്. പ്രസിഡന്റ് ഫ്രാൻസിസ് ഇല്ലിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ഫാ.സജി പണിക്കർ ഉദ്ഘാടനം ചെയ്തു.

വൈസ് പ്രസിഡന്റ് ഷാജു ചക്കുങ്കൽ, സെക്രട്ടറി തോമസ് കൊരട്ടിയിൽ, ജോ.സെക്രട്ടറി ടിജി പിള്ളകിഴക്കേതിൽ, ട്രഷറർ സൈമൺ തോട്ടപ്ലാക്കിൽ തുടങ്ങിയവർ പരിപാടികൾക്ക് നേതൃത്വം വഹിച്ചു. മിച്ചൽ പള്ളികിഴക്കേതിൽ, നവ്യ മഠത്തിൽതാഴെ എന്നിവർ അവതാരകരായിരുന്നു.

കിരൺ കുമാറും ടിനാ ബോസും സംയുക്തമായി സംവിധാനം ചെയ്ത കിഡ്സ് ക്ലബിന്റെ വർണ്ണാഭമായ കലാപരിപാടികൾ നടന്നു. പോഷകസംഘടനയായ കെ.സി.വൈ.എൽ, ബി.വൈ.ഒ.എൽ, ക്നാനായ വിമൻസ് ഫോറം, യൂത്ത് ലീഗ് തുടങ്ങിയവയിലെ അംഗങ്ങൾ പരിപാടികൾ അവതരിപ്പിച്ചു. ബെന്നി കൈപാറേട്ട് സംവിധാനം ചെയ്ത യുവജനവേദിയുടെ അന്നൊരു പ്രണയദിനത്തിൽ എന്ന വാലന്റൈൻ ഡേ കലാശില്പം ശ്രദ്ധേയമായി.

പൊതുസമ്മേളനത്തിൽ സെക്രട്ടറി തോമസ് കൊരട്ടിയിൽ സ്വാഗതം പറഞ്ഞു. കെ.സി.സി.എൻ.എയുടെ ഭാവിപ്രവർത്തനങ്ങൾ ബേബി മണക്കുന്നേൽ അവതരിപ്പിച്ചു. ക്നാനായ വിമൻസ് ഫോറത്തിന്റെ നാഷനൽ പ്രസിഡന്റ് ഡോ.ദിവ്യ വള്ളിപടവിൽ പരിപാടികൾ വിശദീകരിച്ചു. ജോ.സെക്രട്ടറി ടിജി പിള്ളകിഴക്കേതിൽ നന്ദി പറഞ്ഞു. ഷാജു ചക്കുങ്കൽ പ്രോഗ്രാം കോർഡിനേറ്ററായിരുന്നു.

# നാമത്തിനു പുതിയ സാരഥികൾ



*ന്യൂജേഴ്സി:* അമേരിക്കൻ മലയാളികളുടെ കൂട്ടായ്മയും കലാസാഹിത്യ സാംസ്കാരിക വേദിയും പ്രതികരണ കൂട്ടായ്മയുമായ നാമത്തിനു പുതിയ സാരഥികളായി. തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റിയുടെ അധികാരകൈമാറ്റ ചടങ്ങ് ന്യൂജേഴ്സിയിലെ എഡിസൺ ഹോട്ടലിൽ നടന്നു.

സ്ഥാപക ചെയർമാൻ മാധവൻ ബി നായർ സെക്രട്ടറി ആയി നിയമിതനായി. മാലിനി നായരാണ് പുതിയ പ്രസിഡന്റ്. സജിത് ഗോപിനാഥ് സെക്രട്ടറിയായും, അനിത നായർ ട്രഷററായും, ജിതേഷ് തമ്പി അഡൈ്വസറി ബോർഡ് ചെയർമാനായും ചുമതലയേറ്റു.

ഫൊക്കാന പ്രസിഡന്റ് തമ്പി ചാക്കോ, മലയാളി ചേമ്പേഴ്സ ഓഫ് പ്രസിഡന്റ് വർഗീസ് ഉലഹന്നാൻ ഗ്രന്ഥകാരൻ എ.കെ.ബി. പിള്ള എന്നിവരും പങ്കെടുത്തു.

# ഭദ്രാസന ഫാമിലി യൂത്ത് കോൺഫറൻസ് 12 മുതൽ 15വരെ പെൻസിൽവാനിയായിൽ

*ന്യൂയോർക്ക്:* മലങ്കര ഓർത്തഡോക്സ് ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷൻ പൂർത്തിയായി.

കോൺഫറൻസിന്റെ ചരിത്രത്തിൽ ഇതാദ്യമാണ് രജിസ്ട്രേഷൻ ആരംഭിച്ച് 49 ദിവസത്തിനുള്ള ലക്ഷ്യം കൈവരിക്കുന്നത്. ഇതേതുടർന്ന് രജിസ്ട്രേഷൻ അവസാനിച്ചതായി കോൺഫറൻസ് കോർഡിനേറ്റർ റവ.ഡോ.വർഗീസ് എം.ഡാനിയേൽ, ജനറൽ സെക്രട്ടറി ജോർജ് തുമ്പയിൽ, ട്രഷറർ ജിമോൻ വർഗീസ് എന്നിവർ അറിയിച്ചു.

ഭദ്രാസനാധിപൻ സഖറിയ മാർ നിക്കളാവോസ് മെത്രാപ്പോലീത്തയാണ് ജൂലൈ 12 മുതൽ 15വരെ പെൻസിൽവാനിയായിലെ പോക്കണോസ് കലഹാരി റിസോർട്ടിൽ നടക്കുന്ന കോൺഫറൻസിന് നേതൃത്വം നൽകുന്നത്.

കോൺഫറൻസിൽ പങ്കെടുക്കുന്നതിനു തുടർന്നും രജിസ്ട്രേഷൻ നടത്താം. അവരെ വെയിറ്റിംഗ് ലിസ്റ്റിലായിരിക്കും ഉൾപ്പെടുത്തുക. ഇപ്പോഴുള്ള രജിസ്ട്രേഷൻ ക്യാൻസലേഷൻ വരുന്നതിന് ആശ്രയിച്ചായിരിക്കും വെയ്റ്റിംഗ് ലിസ്റ്റിലുള്ളവർക്ക് മുൻഗണന ലഭിക്കുക. നിത്യേനയുള്ള സന്ദർശകർക്ക് പ്രവേശനം ഉണ്ടായിരിക്കുകയില്ല. ജനുവരി 30 വരെ രജിസ്റ്റർ ചെയ്തവരുടെ താമസസൗകര്യം ഫേസ് ഒന്ന് ഹോട്ടൽ സമുച്ചയത്തിൽ ഉറപ്പാക്കിയിട്ടുണ്ട്. തുടർന്നുള്ളവർക്ക് ഫേസ് രണ്ടിലായിരിക്കും താമസസൗകര്യം. ഏപ്രിൽ 30ന് മുമ്പ് ക്യാൻസൽ ചെയ്യേണ്ട ആവശ്യം വരികയാണെങ്കിൽ മുഴുവൻ പണവും തിരിച്ചു നൽകുന്നതാണ്. മേയ് 30നുള്ളിൽ ക്യാൻസൽ ചെയ്യുന്നവർക്ക് പകുതി പണമേ തിരികെ ലഭിക്കുകയുള്ളു.

# ഷിക്കാഗോ മലയാളി അസോസിയേഷൻ പിക്നിക് ജൂൺ 17ന്

**ജിമ്മി കണിയാലി**

*ഷിക്കാഗോ:* ഷിക്കാഗോ മലയാളി അസേസിയേഷൻ പിക്നിക് പുനരാരംഭിക്കുവാൻ തീരുമാനം. ഇതിന്റെ ഭാഗമായി ജൂൺ 17ന് 12 മുതൽ വൈകിട്ട് 6 വരെ ഡെസ്പ്ലേയ്നിസിലുള്ള ബെൻഡ് ലെയ്ക് പാർക്കിൽ പിക്നിക് നടത്തും.

കേരളീയരായ എല്ലാവർക്കും ഇതിൽ പങ്കെടുക്കാമെന്ന് പ്രസിഡന്റ് രഞ്ജൻ എബ്രഹാമും, സെക്രട്ടറി ജിമ്മി കണിയാലിലും ട്രഷറർ ഫിലിപ്പ് പുത്തൻപുരയിലും അറിയിച്ചു.

പിക്നിക്കിന്റെ സുഗമമായ നടത്തിപ്പിനായി സണ്ണി മൂക്കേട്ട്, മനു നൈനാൻ, ജോഷി മാത്യു പുത്തൂരാൻ, സഖറിയ ചേലക്കൽ എന്നിവരടങ്ങിയ കമ്മറ്റിയെ തെരഞ്ഞെടുത്തു. ജോൺസൺ കണ്ണൂക്കാടൻ, ജിതേഷ് ചുങ്കത്ത്, ഷിബു മാത്യു തുടങ്ങിയവർ സംസാരിച്ചു.

For Advertisement
Tel: 267-991-2111
CONTACT US

# ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയ് സെമിനാർ നടത്തുന്നു



*ഷിക്കാഗോ:* ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയ് നഴ്സിംഗ് രംഗത്തെ നിയപരവും ധാർമികവുമായ വെല്ലുവിളികളേയും, അവയെ നേരിടേണ്ട രീതികളെപ്പറ്റിയും സെമിനാർ നടത്തുന്നു. അമേരിക്കൻ ആരോഗ്യരംഗത്ത് ഉണ്ടാകുന്ന മാറ്റങ്ങളും, കൂടിവരുന്ന നിയമനടപടികളും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഏറെ സമർദ്ദം ഉണ്ടാക്കുന്നു. ഈ പശ്ചാത്തലത്തിലാണ് ഐ.എൻ.എ.ഐ ഇത്തരം ഒരു സെമിനാർ നടത്തുവാൻ മുൻകൈ എടുക്കുന്നത്.

വിസ്റ്റ ഹോസ്പിറ്റലിൽ സേവനം അനുഷ്ഠിക്കുന്ന അതിപ്രഗത്ഭനും നിയമരംഗവുമായി ഏറെ പരിചയമുള്ള ഡോ.പീറ്റർ മക്കൂർ ആണ് ക്ലാസിനു നേതൃത്വം നൽകുന്നത്.

ഷിക്കാഗോയിലും സമീപ പ്രദേശങ്ങളിലുമുള്ള നേഴ്സുമാർ ഈ അവസരം ഉപയോഗിക്കണമെന്നു ഭാരവാഹികൾ അഭ്യർത്ഥിച്ചു. മൗണ്ട് പ്രോസ്പെക്ട്സിനുള്ള ചിക്കാഗോ മലയാളി അസോസിയേഷൻ ഹാളിൽ 11ന് രാവിലെ 10 മുതൽ 12 വരെയാണ് ക്ലാസ്.

കൂടുതൽ വിവരങ്ങൾക്ക് സൂസൻ മാത്യു (എഡ്യുക്കേഷൻ ചെയർമാൻ) 847 708 9266, സൂനീന ചാക്കോ (സെക്രട്ടറി) 847 401 1670, ബീന വള്ളിക്കളം (പ്രസിഡന്റ്) 773 507 5334.

വാർത്ത നൽകിയത് ഷിജി അലക്സ്.

# മർത്തോമ മണ്ഡലം പ്രതിനിധികൾ



*ഡാളസ്:* സെന്റ് പോൾസ് മാർത്തോമ ഇടവകയിൽ നിന്നും മർത്തോമ സഭാ മണ്ഡലം പ്രതിനിധിയായി രാജൻ മാത്യു, നോർത്ത് അമേരിക്കൻ ഭദ്രാസന അസംബ്ലി മെമ്പറായി സക്കറിയ തോമസ് (സാം) എന്നിവരെ തെരഞ്ഞെടുത്തു.

മാർത്തോമ സഭാമണ്ഡലം പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ട രാജൻ മാത്യു മല്ലപ്പള്ളി കീഴ്വായ്പൂർ പയറ്റുകാല കുടുംബാംഗവും, അസംബ്ലി മെമ്പറായി തെരഞ്ഞെടുക്കപ്പെട്ട സക്കറിയ തോമസ് കുളത്തൂപ്പുഴ മേലത്ത് കുടുംബാംഗവമാണ്.

# മാർത്തോമ സന്നദ്ധസുവിശേഷസംഘം വെസ്റ്റേൺ റീജൻ വാർഷിക കോൺഫറൻസ്




*ലോസ് ആഞ്ചലസ്:* മാർത്തോമ സന്നദ്ധ സുവിശേഷ സംഘം വെസ്റ്റേൺ റീജൻ വാർഷിക കോൺഫറൻസ് ലോസ് ആഞ്ചലസ് മാർത്തോമ പള്ളിയിൽ നടന്നു.

കാലിഫോർണിയ മുതൽ സിയാറ്റിൽ വരെയുള്ള സംസ്ഥാനങ്ങളിലെ ഇടവകകളിൽനിന്നും 140 അംഗങ്ങൾ രണ്ടു ദിവസമായി നടന്ന കോൺഫറൻസിൽ പങ്കെടുത്തു.

സിയാറ്റിൻ ഇടവക വികാരി റവ.അജി തോമസ് ഉദ്ഘാടനം ചെയ്തു. കൺവീനർ ജേക്കബ് മാത്യു പ്രസംഗിച്ചു. റീജനിലെ മറ്റു ഇടവക വികാരിമാരായ റവ.ലാറി വർഗീസ്, റവ.ബിജു പി. സൈമൻ, റവ.സ്റ്റാലിൻ തോമസ്, റവ.ജോൺ ഉമ്മൻ എന്നിവർ പങ്കെടുത്തു.

ഫീനിക്സ് ഇടവക വികാരി റവ.സ്റ്റാലിൻ തോമസ് ദൈവത്തിൽനിന്നുള്ള ദാനം എന്ന വിഷയത്തിൽ സന്ദേശം നൽകി. തുടർന്ന് വിവിധ മിഷനുകളിൽ നിന്നുള്ള ജീവിത സാക്ഷ്യങ്ങളുടെ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ചർച്ചകളും നടന്നു. റീജനിൽ മൂന്നു വർഷമായി സേവനമനുഷ്ഠിച്ച റവ.ജോൺ ഉമ്മനു യാത്രയയപ്പുനൽകി.

വൈകുന്നേരം നടന്ന ക്വയർ ഫെസ്റ്റിൽ റീജനിലെ ആറോളം ഗായകസംഘങ്ങൾ പങ്കെടുത്തു. സാധു കൊച്ചുകുഞ്ഞുപദേശിക്കുള്ള സമർപ്പണമായി ക്വയർ ഫെസ്റ്റ് സംഘടിപ്പിച്ചു. ആരാധനകൾക്ക് ഫീനിക്സ്, ലോസ് ആഞ്ചലസ് ഇടവകകൾ നേതൃത്വം നൽകി. രണ്ടാം ദിവസം നടന്ന വിശുദ്ധ കുർബാനയോടെ കോൺഫറൻസ് സമാപിച്ചു.

വെസ്റ്റേൺ റീജൻ സെക്രട്ടറി രാജേഷ് മാത്യു, കുര്യൻ വർഗീസ്, അന്നമ്മ മാത്യു, ജോഷി ജോൺ, ഫിലിപ്പ് ജേക്കബ്, റവ. ജോൺ ഉമ്മൻ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

# മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റൻ മലയാളം കമ്പ്യൂട്ടർ ക്ലാസുകൾ



*ഹൂസ്റ്റൺ:* മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റണിന്റെ ആഭിമുഖ്യത്തിൽ മലയാളം, ചെണ്ട, കമ്പ്യൂട്ടർ ക്ലാസുകൾ സ്റ്റാഫോർഡിലുള്ള മാഗ് അസോസിയേഷൻ ബിൽഡിംഗിൽ ആരംഭിച്ചു.

മലയാളം ക്ലാസിനു നേതൃത്വം കൊടുക്കുന്നത് ഏബ്രഹാം തോമസും, ഡോ. അഡ്വ.മാത്യു വൈരമണും ആണ്. അജി നായർ ചെണ്ട ക്ലാസിനും സജി വർഗീസ് കമ്പ്യൂട്ടർ ക്ലാസിനും നേതൃത്വം നൽകുന്നു.

കമ്പ്യൂട്ടർ ക്ലാസുകൾ എല്ലാ ഞായറാഴ്ചയും മൂന്നു മുതൽ നാലുവരേയും, മലയാളം ക്ലാസ് നാലു മുതൽ ആറുവരേയും, ചെണ്ട ക്ലാസ് ശനിയാഴ്ച ആറു മുതൽ ഏഴുവരേയുമാണ്. എല്ലാ ക്ലാസുകളും സൗജന്യമാണ്.

ക്ലാസുകളുടെ ഉദ്ഘാടനം വോയ്സ് ഓഫ് ഏഷ്യയുടെ ഡയറക്ടർ കോശി തോമസ് നിർവ്വഹിച്ചു. മാഗ് പ്രസിഡന്റ് തോമസ് ചെറുകര, ട്രസ്റ്റി ബോർഡ് ചെയർമാൻ ജി.കെ.പിള്ള, സെക്രട്ടറി സുരേഷ് രാമകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. ലക്ഷ്മി പീറ്റർ മോഡറേറ്ററായിരുന്നു. വൈസ് പ്രസിഡന്റ് മാത്യു വൈരമൺ കൃതജ്ഞത പറഞ്ഞു.

# ഫ്ളവേഴ്സ് ടിവി ഫിലഡൽഫിയ റീജൻ മാനേജരായി ജീമോൻ ജോർജ് ചുമതലയേറ്റു



*ഫിലഡൽഫിയ:* ഫ്ളവേഴ്സ് ടി.വിയുടെ ഫിലഡൽഫിയയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാനായി റീജനൽ മാനേജരായി ജീമോൻ ജോർജ് ചുമതലയേറ്റതായി ഫ്ളവേഴ്സ് ടി.വി യു.എസ്.എ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ബിജു സഖറിയ അറിയിച്ചു. തുടക്കത്തിൽ എല്ലാ വെള്ളിയാഴ്ചകളിലും ശനിയാഴ്ചകളിലുമാണ് അമേരിക്കൻ ഡ്രീംസ് എന്ന വേദിയിലൂടെ അമേരിക്കയിലെ മാത്രം പരിപാടികൾ ഉൾപ്പെടുത്തി എച്.ഡി. സാങ്കേതിക വിദ്യയിൽ സംപ്രേഷണം ചെയ്യുന്നത്.

ചെറുതും വലുതുമായ ഏതു പരിപാടികളും വിശ്വസ്തയോടെയും കൃത്യതയോടെയും കൂടി ഫ്ളവേഴ്സിലൂടെ നല്കുമെന്ന് ജീമോൻ ജോർജ് പറഞ്ഞു. റോജീഷ് സാമുവലും ജിനോ ജേക്കബുമാണ് ക്യാമറ കൈകാര്യം ചെയ്യുന്നത്. 267 970 4267

# നിര്യാതരായി

## ഇന്ത്യൻ എംബസി കോൺസൽ ഡോ. വിധു പി.നായരുടെ ഭാര്യ നന്ദിത

*ന്യൂയോർക്ക്:* കേന്ദ്രസർക്കാരിന്റെ മുൻ സെക്രട്ടറിയും ഐക്യരാഷ്ട്ര പാർപ്പിടസമിതി ചെയർമാനുമായ ഡോ. സി.വി.ആനന്ദബോസിന്റെ മകളും യു എസിലെ ഇന്ത്യൻ എംബസി കോൺസൽ ഡോ. വിധു പി.നായരുടെ ഭാര്യയുമായ നന്ദിത ബോസ് (34) നിര്യാതയായി. അന്ത്യകർമ്മങ്ങൾ പിന്നീട് തിരുവനന്തപുരത്ത് നടക്കും.

നർത്തകിയും കലാമണ്ഡലം വിമലാമേനോന്റെ ശിഷ്യയുമാണ്. ചിത്രകാരിയും എഴുത്തുകാരിയുമായിരുന്നു. മകൻ അദ്വൈത്.

## മേഴ്സി ജോൺ



*ടൊറന്റോ:* തൃശൂർ ആലപ്പാട്ട് പള്ളിപ്പുറത്തുകാരൻ ദേവസി ജോണിന്റെ ഭാര്യ മേഴ്സി ജോൺ (75) നിര്യാതയായി.

സംസ്കാരം ഫെബ്രുവരി 28ന് തൃശൂർ കുര്യാച്ചിറ മാർ പൗലോസ് ശീഹാ പള്ളിയിൽ നടന്നു.

മക്കൾ മീജ (കാനഡ), മനോജ് (തൃശൂർ). മരുമക്കൾ: ബാബു ഫ്രാൻസിസ് (കാനഡ), റെജി (തൃശൂർ)

അനുശോചനത്തിന് 91 487 2253302, ബാബു ഫ്രാൻസിസ് (കാനഡ) 416 821 9551.

## വർഗീസ് നൈനാൻ



*ന്യൂയോർക്ക്:* തിരുവല്ല ചെറ്റിച്ചേരിൽ സി.ജി.നൈനാന്റെയും മറിയാമ്മയുടെയും മകൻ വർഗീസ് നൈനാൻ (അനു 44) സ്റ്റാന്റൻ ഐലൻഡിൽ ഫെബ്രുവരി 23ന് നിര്യാതനായി.

തുമ്പമൺ നോർത്ത് പാറയിൽ കുടുംബാംഗം ലിൻഡ വർഗീസ് (ആർ.എൻ, സീവ്യു ഹോസ്പിറ്റൽ) ആണ് ഭാര്യ. അഞ്ജലി, ആൽവിൻ, ആരൺ എന്നിവരാണ് മക്കൾ. സഹോദരി ആൻസി നൈനാൻ.

സംസ്കാരം സെന്റ് ജോർജ് ദേവാലയത്തിൽ ഫെബ്രുവരി 27ന് നടന്നു.

ബിജു ചെറിയാൻ അറിയിച്ചതാണ്.

## ആൻ ആൻഡ്രൂസ്



*ന്യൂയോർക്ക്:* അറ്റോർണി ആൻ ആൻഡ്രൂസ് (ടിജിമോൾ 43) സ്റ്റാറ്റൻ ഐലൻഡിൽ നിര്യാതയായി.

വളഞ്ഞവട്ടം പുത്തൻപുരക്കൽ പരേതനായ പി.കെ. ജോർജിന്റെയും ഏലിയാമ്മയുടെയും പുത്രിയാണ്. കൽക്കട്ടയിലായിരുന്നു കുടുംബം. 1979ൽ അമേരിക്കയിലെത്തി.

കോട്ടയം പുകടിയിൽ പി.എ.ആൻഡ്രൂസിന്റെയും ഏലിയാമ്മയുടെയും പുത്രൻ ഡോ.അലക്സ് ആൻഡ്രൂസാണ് ഭർത്താവ്. മകൻ ആരൻ. മൂത്ത സഹോദരി റേച്ചൽ തോമസ് 1988ൽ കാറപകടത്തിൽ മരിച്ചിരുന്നു.

സ്റ്റാറ്റൻ ഐലന്റ് സെന്റ് ജോർജ് മലങ്കര ഓർത്തഡോക്സ് ചർച്ചിൽ സംസ്കാരം നടന്നു.

# നടിക്ക് കേരളത്തിൽ നേരിടേണ്ടിവന്ന ആക്രമണത്തിൽ വേൾഡ് മലയാളി കൗൺസിൽ പ്രതിഷേധിച്ചു

*ന്യൂജേഴ്സി:* മലയാളത്തിലെ പ്രശസ്ത നടിക്ക് കേരളത്തിൽ നേരിടേണ്ടിവന്ന ആക്രമണത്തിൽ വേൾഡ് മലയാളി കൗൺസിൽ അമേരിക്കൻ റീജൻ പ്രതിഷേധിച്ചു.

കൗൺസിൽ അമേരിക്ക റീജൻ വനിതാ ഫോറം പ്രസിഡന്റ് ആലിസ് ആറ്റുപുറം, ന്യൂജേഴ്സി പ്രൊവിഡൻസ് പ്രസിഡന്റ് തങ്കമണി അരവിന്ദൻ, ന്യൂജേഴ്സി പ്രൊവിഡൻസ് വനിതാ ഫോറം പ്രതിനിധികളായ വിദ്യാ കിഷോർ, സോഫി വിൽസൺ, ഷൈനി രാജു, ഡോ.എലിസബത്ത് മാമ്മൻ പ്രസാദ്, രുഗ്മിണി പദ്മകുമാർ, ശോഭ ജേക്കബ്, ജിനു അലക്സ് എന്നിവരും അമേരിക്ക റീജൻ പ്രസിഡന്റ് പി.സി.മാത്യു, റീജൻ ചെയർമാൻ ജോർജ് പനയ്ക്കൽ, റീജൻ സെക്രട്ടറി കുര്യൻ സഖറിയ, വൈസ് പ്രസിഡന്റ് ചാക്കോ കോയിക്കലേത്ത്, ചെയർമാൻ തോമസ് മൊട്ടക്കൽ എന്നിവരും പ്രതിഷേധിച്ചു.

# ക്നാനായ കാത്തലിക് വിമൻസ് ഫോറം ഓഫ് ഷിക്കാഗോ ഹോളിഡേ പാർട്ടി



*ഷിക്കാഗോ:* ക്നാനായ കാത്തലിക് സൊസൈറ്റിയുടെ പോഷകസംഘടനയായ ക്നാനായ കാത്തലിക് വിമൻസ് ഫോറം ഓഫ് ഷിക്കാഗോ ഹോളിഡേ പാർട്ടി നടന്നു.

വികാരി ജനറാൾ മോൺ. തോമസ് മുളവനാൽ ഉദ്ഘാടനം ചെയ്തു. വിമൻസ് ഫോറം പ്രസിഡന്റ് ജില്ല നെല്ലാമറ്റം അദ്ധ്യക്ഷത വഹിച്ചു. ആൻ വർഷ വിലങ്ങുകല്ലേൽ പ്രാർത്ഥനാഗാനം ആലപിച്ചു. വിമൻസ് ഫോറം പ്രസിഡന്റ് പ്രതിഭ തച്ചേട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. പുതിയ പ്രസിഡന്റ് ജിജി നെല്ലാമറ്റം ബോർഡ് അംഗങ്ങളെ പരിചയപ്പെടുത്തി. മോൺ തോമസ് മുളവനാൽ സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജോ.സെക്രട്ടറി ആൻ കരികുളം, ട്രഷറർ ആൻസി കുപ്ലിക്കാട്ട് എന്നിവർ എംസിമാരായിരുന്നു.

ഷിക്കാഗോ കെ.സി.എസ്. പ്രസിഡന്റ് പൂത്തുറയിൽ, ക്നാനായ കാത്തലിക് വിമൻസ് ഫോറം നാഷണൽ പ്രസിഡന്റ് സ്മിത വെട്ടുപാറപ്പുറം, വൈസ് പ്രസിഡന്റ് അനിവാച്ചാച്ചിറ, സെക്രട്ടറി ബിനി തെക്കനാട്ട് എന്നിവർ പ്രസംഗിച്ചു. കെ.സി.എസ്. വൈസ് പ്രസിഡന്റ് സാജു കണ്ണമ്പള്ളി, സെക്രട്ടറി ജോണിക്കുട്ടി പിള്ളവീട്ടിൽ, ജോയിന്റ് സെക്രട്ടറി ഡിബിൻ വിലങ്ങുകല്ലേൽ, ട്രഷറർ ഷിബു മുളയാനിക്കുന്നേൽ എന്നിവർ പങ്കെടുത്തു.

ബാങ്കറ്റിനുശേഷം നടന്ന കലാപരിപാടികൾക്ക് കോർഡിനേറ്റർമാരായ ഡോ.ബെൻസി പടിഞ്ഞാത്ത്, ടാനിയ പുത്തൻപറമ്പിൽ എന്നിവർ നേതൃത്വം നൽകി. സ്ത്രീകളെ സഹായിക്കുന്നതിനായി വിമൻസ് ഫോറം നടത്തുന്ന ചാരിറ്റി ഫണ്ട് റെയ്സിംഗിന്റെ ഉദ്ഘാടനം നടന്നു. അസീസ് മെഡിക്കൽ സെന്റർ, ഡോ.സൂസൻ ഇടുക്കുതറ, ജോൺ കുപ്ലിക്കാട്ട്, ജിജി നെല്ലാമറ്റം എന്നിവർ ഗ്രാന്റ് സ്പോൺസർമാരായും ഡോ.മാത്യു ജോസഫ് തിരുനെല്ലി പറമ്പിൽ, ജെയ്ബ് മാത്യു കുളങ്ങര, സിറിയക് കൂവക്കാട്ടിൽ, ബിജിലി ടാജു കണ്ടാരപ്പള്ളി എന്നിവർ സ്പോൺസർമാരായിരുന്നു.

# കേരള അസോസിയേഷൻ ഓഫ് ഡാളസ് സംഗീതസായാഹ്നം നടത്തി

**പി.പി.ചെറിയാൻ**

*ഗാർലന്റ്:* കേരള അസോസിയേൻ ഓഫ് ഡാളസ് സംഘടിപ്പിച്ച സംഗീത സായാഹ്നം ആസ്വാദകരുടെ സാന്നിധ്യംകൊണ്ട് സ്മരണീയമായി.

ഇന്ത്യൻ കൾച്ചറൽ ആൻഡ് എഡ്യുക്കേഷൻ സെന്റർ കോൺഫറൻസ് ഹാളിലായിരുന്നു പരിപാടി അരങ്ങേറിയത്. തുടർന്നും സംഗീതപരിപാടികൾ സംഘടിപ്പിക്കുമെന്ന് പ്രസിഡന്റ് ബാബു സി.മാത്യു പറഞ്ഞു.

രണ്ടു മണിക്കൂർ നീണ്ടുനിന്ന സംഗീത സായാഹ്നത്തിൽ പഴയ തലമുറയിലേയും പുതിയ തലമുറയിലേയും സിനിമാ ഗാനങ്ങളാണ് അവതരിപ്പിച്ചത്. ഹരിദാസ് തങ്കപ്പനാണ് പരിപാടികൾ നിയന്ത്രിച്ചത്. ഇമ്മാനുവൽ ആന്റണി, ടിഫനി ആന്റണി, സാനിയ സ്കറിയ, അനൂപ് സാം, പ്രവീൺ തോമസ്, ഫ്രാൻസിസ് തോട്ടത്തിൽ, തോമസുകുട്ടി, സുകു വർഗീസ്, ജോയി ആന്റണി, അനശ്വർ മാമ്പിള്ളി, ബേബി കൊടുവത്ത് തുടങ്ങിയ അസോസിയേഷൻ അംഗങ്ങളും ഗാനങ്ങൾ ആലപിച്ചു. ഇഗ്നേഷ്യസ് ആന്റണിയുടെ ഗാനങ്ങൾ ഏറെ ശ്രദ്ധേയമായി. സെക്രട്ടറി റോയി കൊടുവത്ത് നന്ദി പറഞ്ഞു.





സ്മരണാദിനം- മാർച്ച് 26

# നടനകലയുടെ ഭാവഭേദങ്ങളിലൂടെ കടന്നുപോയ സുകുമാരി

**ജോർജ് തഴക്കര**

**അ**നശ്വരകഥാപാത്രങ്ങളിലൂടെ പ്രേക്ഷകമനസ്സിൽ ഇടം നേടിയ അനുഗൃഹീത നടിയായിരുന്നു സുകുമാരി.

ആറു പതിറ്റാണ്ടിലേറെക്കാലം തെന്നിന്ത്യൻ സിനിമയിൽ അവർ നിറഞ്ഞുനിന്നു. മലയാളത്തിൽ നിന്നും തമിഴകത്തേക്കും അവിടെനിന്നും ഉത്തരേന്ത്യൻ മേഖലകളിലേക്കും ആ അഭിനയ മികവ് നിറഞ്ഞുനിന്നു. ഏതു ഭാഷയിലഭിനയിക്കുമ്പോഴും ആ ഭാഷയിൽ സ്വന്തം ശബ്ദം നൽകി. രണ്ടായിരത്തിയഞ്ഞൂറോളം സിനിമകൾ. സിനിമാചരിത്രത്തിലെ അപൂർവ്വത.

നാഗർകോവിൽ സ്വദേശിയായ മാധവൻനായരുടെയും കുളച്ചിൽ കൊന്നക്കോട് കുടുംബാംഗമായ സത്യഭാമയുടെയും മകൾ. 1940 ഒക്ടോബർ 6ന് ജനനം. പിതാവിന്റെ സഹോദരിയായ കാർത്ത്യായനിയമ്മയുടെ പൂജപ്പുരയിലുള്ള വീട്ടിലായിരുന്നു ബാല്യകാലം. പൂജപ്പുര സെൻട്രൽ ജയിലിനടുത്തുള്ള പള്ളിക്കൂടത്തിൽ പ്രൈമറി വിദ്യാഭ്യാസം. നവരാത്രിമഹോത്സവവുമായി ബന്ധപ്പെട്ടു നടന്ന സംഗീതസദസ്സുകളിലും അക്ഷരശ്ലോകസദസ്സുകളിലും പങ്കെടുത്തു. കലയും സാഹിത്യവും ബാലമനസ്സിൽതന്നെ ഇടം നേടിയിരുന്നു.

പിതാവിന്റെ മറ്റൊരു സഹോദരി സരസ്വതിയമ്മയുടെ പുത്രിമാരായ ലളിത, രാഗിണി, പത്മിനി എന്നിവർ തിരുവിതാംകൂർ സഹോദരിമാർ എന്ന പേരിലറിയപ്പെട്ടിരുന്നു. അറിയപ്പെടുന്ന നർത്തകികളായിരുന്നു അവർ. സരസ്വതിയമ്മയെ സുകുമാരി ചാച്ചമ്മ എന്നാണ് വിളിച്ചിരുന്നത്. തിരുവിതാംകൂർ സിസ്റ്റേഴ്സ് തിരുവനന്തപുരം ഡാൻസ് പ്രോഗ്രാമിനു വന്നപ്പോഴാണ് അവരെ ആദ്യമായി സുകുമാരി കാണുന്നത്. കാർത്ത്യാനിയമ്മയുടെ താല്പര്യപ്രകാരം സുകുമാരി ഏഴാം വയസ്സിൽ മദ്രാസിലേക്കു പോയി. തിരുവിതാംകൂർ സഹോദരിമാരുടെ അകമ്പടിക്കാരിയായി സുകുമാരി മാറി. അവരുടെ ഡാൻസു കണ്ടും പാട്ടുകൾ കേട്ടും സുകുമാരിയിലും നൃത്തവാസന ഉണ്ടായി. സരസ്വതിയമ്മ സുകുമാരിയെ ഡാൻസ് പഠിപ്പിച്ചു.

ധനികരുടെ വിവാഹത്തിൽ ഡാൻസും പാട്ടും ഒഴിവാക്കാൻ പാടില്ലാത്ത പരിപാടിയായിരുന്നു. തിരുവിതാംകൂർ സഹോദരിമാർ സംഗീതകച്ചേരികൾ നടത്തി. മിക്കവാറും എല്ലാ ദിവസവും ഡാൻസ് പരിപാടിയുണ്ടായിരിക്കും. ചെല്ലപ്പൻ മാഷായിരുന്നു സുകുമാരിയുടെ ആദ്യഗുരു. പിന്നീട് ഗുരു ഗോപിനാഥ്, ഗോപാലകൃഷ്ണൻ മാസ്റ്റർ തുടങ്ങിയവരുടെ ശിക്ഷണത്തിൽ പഠനം തുടർന്നു. മൈലാപ്പൂരിലെ ചിൽഡ്രൻസ് ഗാർഡൻ സ്കൂളിൽ ചേർന്നു പഠനവും നടത്തി.

ചെന്നൈയിൽ സ്റ്റാർ ക്രിക്കറ്റ് നടന്നിരുന്നു. ധനസമാഹരണത്തിന്റെ ഭാഗമായിട്ടായിരുന്നു മത്സരങ്ങൾ. രാഗിണിയുടെ താല്പര്യത്തിൽനിന്നുമാണ് ക്രിക്കറ്റിനോടുള്ള താല്പര്യം സുകുമാരിയിൽ വർദ്ധിച്ചത്. അങ്ങനെ സുകുമാരിയും മികച്ച ക്രിക്കറ്റ് കളിക്കാരിയായി മാറി.

തിരുവിതാംകൂർ സഹോദരിമാർ റഷ്യയിൽ പരിപാടികൾക്കായി പോയപ്പോൾ സുകുമാരി കുറച്ചുദിവസത്തേക്ക് തിരുവനന്തപുരത്തെത്തി. ട്രാവൻകൂർ ബാങ്ക് മാനേജരായിരുന്ന അച്ഛന്റെ സുഹൃത്തായ സുബ്രഹ്മണ്യം മുതലാളിയ്ക്കു പരിചയമുള്ള ഒരാളിനോടൊപ്പമാണ് സുകുമാരി വീണ്ടും മദ്രാസിലേക്ക് പോയത്. ആ ആൾ പ്രേംനസീറായിരുന്നുവെന്ന് പിന്നീടാണ് സുകുമാരി മനസ്സിലാക്കുന്നത്.

സിനിമയിൽ ഡാൻസ് അവതരിപ്പിക്കുന്നതിന് പത്മിനിയോടൊപ്പം സുകുമാരി യും സെറ്റിൽ പോകുമായിരുന്നു. എ.വി.എം.സ്റ്റുഡിയോയി ൽ എത്തിയ പത്തുവയസ്സുകാരിയെ സംവിധായകൻ നീലകണ്ഠനാണ് അഭിനയിക്കാനായി ക്ഷണിച്ചത്. ഇരവ് എന്ന തമിഴ് ചിത്രത്തിലെ ഗാനരംഗത്തിലൂടെയാണ് ആദ്യമായി സുകുമാരി ചലച്ചിത്രത്തിൽ എത്തുന്നത്.

1959ൽ പത്തൊമ്പതാം വയസ്സിൽ സുകുമാരി വിവാഹിതയായി. രാജാറാണി എന്ന തമിഴ് ചിത്രത്തിന്റെ ഷൂട്ടിങ്ങിനിടയിലാണ് തിരുപ്പതിക്കാരനായ സംവിധായകൻ ഭീംസിങ്ങനെ കാണുന്നതും പരിചയപ്പെടുന്നതും പിന്നീടത് പ്രേമത്തിലേക്ക് വഴിമാറുന്നതും. തമിഴ് തെലുങ്കു സിനിമകളിലെ പ്രസിദ്ധസംവിധായകനായിരുന്നു ഭീംസിംഗ്. താരമൂല്യമുള്ളവരുടെ ഒരു സംഘമാണ് ഭീംസിഗിന്റെ സിനിമയിൽ അഭിനയിച്ചിരുന്നത്. ഭീംസിംഗിന് ഭാര്യയും മക്കളുമുണ്ടായിരുന്നു. എതിർപ്പുകളുടെ നടുവിലാണ് സുകുമാരിയുടെ വിവാഹം നടന്നത്. കാർത്ത്യായനിയമ്മയുടെ മക്കളും വിവാഹച്ചടങ്ങിൽ പങ്കെടുത്തില്ല. തമിഴ് സിനിമയിൽ പ്രശസ്ത നടനായ ചന്ദ്രബാബു ഉൾപ്പെടെ നാലുപേർ മാത്രമാണ് പങ്കെടുത്തത്. മകൻ പിറന്നതിനുശേഷം (സുരേഷ്) സുകുമാരി കുറച്ചുകാലം അഭിനയത്തിൽ നിന്നും വിട്ടുനിന്നു. ഷൂട്ടിംഗിന് പോകുന്നതിനിടയിൽ ജമിനി ഗണേശൻ വീട്ടിൽവരികയും സുകുമാരിയെ അഭിനയിപ്പിക്കണമെന്ന് ഭീംസിംഗിനോടു പറയുകയും ചെയ്തു. ജമിനി ഗണേശന്റെ ഭാര്യ സാവിത്രിയമ്മയുടെ പ്രേരണയാൽ 'വാരായെൻ തോഴി വാരായോ'എന്നതിലഭിനയിച്ചു.

ഭീംസിഗ് ശിവാജി ഗണേശിനെ വച്ചുമാത്രമെ പ്രധാന സിനിമകൾ എടുത്തിരുന്നുള്ളു. എം.ജി.ആറിനെ വച്ച് ഒരു ചിത്രംപോലും എടുത്തിരുന്നില്ല. പല നിർമ്മാതാക്കളും അതിനു തയ്യാറായെങ്കിലും ഭീംസിംഗ് അതംഗീകരിച്ചില്ല. പത്തൊമ്പത് വർഷം മാത്രമെ ആ ദാമ്പത്യം നിലനിന്നുള്ളു. ഭീംസിങ് 1978ൽ മരിച്ചു. എം.ജി.ആർ. സഹായഹസ്തവുമായി എത്തി. അനിയത്തിയെന്നാണ് സുകുമാരിയെ വിളിച്ചിരുന്നത്. ലോക്കേഷനിൽവച്ചാണ് മരണവിവരം അറിഞ്ഞത്.'നമുക്കാരുമില്ലെന്നും, അഭിനയിക്കുകയല്ലാതെ മറ്റൊരു വഴിയുമില്ലെന്നു' മകൻ സുരേഷ് പറഞ്ഞതുകൊണ്ട് ഭർത്താവിന്റെ മരണത്തിന്റെ മൂന്നാം ദിവസം ലൊക്കേഷനിലെത്തി.

ഇതിനിടയിൽ വൈ.ജി. പാർത്ഥസാരഥിയുടെ 'പെറ്റാൽ താൻ പിള്ള' എന്ന നാടകത്തിലൂടെ ചോ രാമസ്വാമിയുടെ നായികയായി നാടകത്തിലെത്തി. ചോ രാമസ്വാമിയുടെ നാടകസംഘത്തിലൂടെ നാലായിരത്തോളം വേദികളിലാണ് അഭിനയിച്ചത്. തുഗ്ലക് എന്ന നാടകം ആയിരത്തിയഞ്ഞൂറോളം സ്റ്റേജുകളിലാണ് കളിച്ചത്. നടിയും നർത്തകിയുമായി പിന്നീട് സുകുമാരി വളർന്നു. ആദ്യമലയാളചിത്രം തസ്ക്കരവീരൻ.

നടനകലയുടെ മർമ്മം അറിഞ്ഞുള്ള അഭിനയമായിരുന്നു സുകുമാരിയുടേത്. കഥാപാത്രത്തിന്റെ അഭിനയ ദൈർഘ്യത്തിലായിരുന്നില്ല, മറിച്ച് തനിക്കു ലഭിച്ച കഥാപാത്രത്തെ എത്രത്തോളം ജീവസുറ്റതാക്കി മാറ്റുവാൻ കഴിയും എന്നതായിരുന്നു ആ അഭിനയത്തിന്റെ മികവ്. ചെറുതും വലുതുമായ ജീവിതങ്ങളെ നിരീക്ഷിക്കുന്നത് സുകുമാരിയുടെ സവിശേഷതയായിരുന്നു.

പെൺമനസ്സിന്റെ വൈവിധ്യങ്ങളെ അനായാസമായി പകർന്നാടുവാനുള്ള സിദ്ധി ഈശ്വരനിയോഗംപോലെയാണ് സുകുമാരിക്ക് കരഗതമായത്. ആറന്മുള പൊന്നമ്മയും കവിയൂർ പൊന്നമ്മയും സ്നേഹം ചൊരിയാൻ മാത്രമറിയുന്ന അമ്മമാരായിരുന്നുവെങ്കിൽ മീന വില്ലത്തി അമ്മയായിരുന്നു. എന്നാൽ സ്ത്രീ ഭാവുകത്വത്തിന്റെ വൈവിധ്യങ്ങളെ അനായാസമായി അവതരിപ്പിക്കുവാനുള്ള അനിതരസാധാരണമായ കഴിവ് സുകുമാരിക്കും കെ.പി.എ.സി. ലളിതയ്ക്കും മാത്രം സ്വന്തം. കുശുമ്പും കുറുമ്പും സ്നേഹവും കുസൃതിയും തമാശയും ഒരുപോലെ വഴങ്ങുന്ന സുകുമാരിയിലെ അമ്മയെ സിനിമാലോകം അകമഴിഞ്ഞ് അംഗീകരിച്ചു.

ശാലിനി എന്റെ കൂട്ടുകാരിയിലെ ശാന്ത, ജീവിതം ഒരു ഗാനത്തിലെ അന്നമ്മ, പ്രശ്നം ഗുരുതരത്തിലെ ഡോ. മേരി മാത്യു, കൂടെവിടെയിലെ സൂസൻ, കാര്യം നിസാരത്തിലെ ആനി, പൂച്ചയ്ക്കൊരു മൂക്കൂത്തിയിലെ രേവതി, കൂട്ടിനിളം കിളിയിലെ



ശാരദ, അപ്പുണ്ണിയിലെ മാളു, ആൾക്കൂട്ടത്തിൽ തനിയെയിലെ ചീരു, ബോയിംഗ് ബോയിംഗിലെ ഡിക്കമ്മായി, സുഖമോ ദേവിയിലെ ഭാരതി, ദശരഥത്തിലെ മാഗി, സമാന്തരങ്ങളിലെ അയിഷു, രേവതിക്കൊരു പാവക്കുട്ടിയിലെ ദേവൂട്ടി, ഒന്നു മുതൽ പൂജ്യം വരെയിലെ സിസ്റ്റർ, അഗ്നിദേവനിലെ കൊച്ചമ്മിണി, മഴയെത്തും മുമ്പേയിലെ മറിയാമ്മ, രാവണ പ്രഭുവിലെ ഗൗണ്ടറുടെ അമ്മ, കിളിച്ചുണ്ടൻ മാമ്പഴത്തിലെ ബിയാത്തു, അമ്മക്കിളിക്കൂട്ടിലെ പാർവതി അമ്മാൾ, ചാന്തുപൊട്ടിലെ മുത്തശ്ശി ഇങ്ങനെ എത്രയോ വ്യത്യസ്തമായ കഥാ പാത്രങ്ങൾ.

സിനിമയിൽ നാലു തലമുറകളോടൊപ്പം അഭിനയിച്ചു. മൂന്നു തലമുറകളിലെ നായകന്മാരോടൊപ്പം അഭിനയിച്ചു. അടൂർഭാസിയോടൊപ്പമാണ് ഏറ്റവും കൂടുതൽ അഭിനയിച്ചത്. മുപ്പതോളം സിനിമകളിൽ. ശിവാജി ഗണേശിന്റെയും ജയലളിതയുടെയും അമ്മയായി അഭിനയിച്ചു. സത്യൻ, പ്രേംനസീർ തുടങ്ങിയ നിത്യവസന്തങ്ങളോടൊപ്പവും മോഹൻലാൽ, മമ്മൂട്ടി തുടങ്ങിയ നിത്യസാന്നിധ്യനായകന്മാർക്കൊപ്പവും കുഞ്ചാക്കോ ബോബൻ തുടങ്ങിയുള്ള ഇളംതലമുറകൾക്കൊപ്പവും അഭിനയവൈവിധ്യങ്ങളിൽ സുകുമാരി അനായാസമായി പിടിച്ചുനിന്നു. മാതൃകാപരമായ പെരുമാറ്റംകൊണ്ട് സുകുമാരി ആദരണീയയായിരുന്നു. പുതിയ അഭിനേതാക്കളെന്നോ ആദ്യസംവിധായകനെന്നോ ഉള്ള വ്യത്യാസം പ്രകടിപ്പിച്ചിരുന്നില്ല. സീരിയലുകളിലും തന്റെ സാന്നിധ്യം ബോധ്യമാക്കി. പരാതികളിലോ വിവാദങ്ങളിലോ ശ്രദ്ധ വെച്ചിരുന്നില്ല. പരിമിതികളെക്കുറിച്ച് വേണ്ടത്ര അറിവ് ഉണ്ടായിരുന്നു എന്നതാണ് സർവ്വപരിമിതികളെയും അതിജീവിക്കുവാനുള്ള ശേഷി നേടിക്കൊടുത്തത്.

തമിഴ്നാട് സർക്കാരിന്റെ കലൈമാമണി പുരസ്കാരം, മികച്ച നടിക്കുള്ള കേരളസർക്കാരിന്റെ പുരസ്കാരം നാലുപ്രാവശ്യവും, ദേശീയപുരസ്കാരവും കലൈ സെൽവം എന്നീ പുരസ്കാരങ്ങളും, മാതൃഭൂമി അവാർഡ്, കലാകൈരളി അവാർഡ് തുടങ്ങി ഒട്ടേറെ ആദരവുകൾ സുകുമാരിയെ തേടിയെത്തി. 2003 ൽ രാജ്യം പദ്മശ്രീ നൽകി ആദരിച്ചു.

ക്ഷേത്രസന്ദർശനത്തിലും സാംസ്കാരിക സമ്മേളനങ്ങളിലും ഉദ്ഘാടനത്തിന് പോകുന്നതിൽ പ്രത്യേക സന്തോഷം കണ്ടെത്തിയിരുന്നു. 'വിളക്കു കൊളുത്തുക' എന്നാണ് സുകുമാരിയുടെ ഭാഷ്യം. കട്ടിസ്വർണ്ണത്തിൽ ദൈവങ്ങളുടെ രൂപം പതിപ്പിച്ച മോതിരം എല്ലാവിരലുകളിലും അണിഞ്ഞിരുന്നു.

മലയാളസിനിമ കണ്ട പ്രതിഭയായിരുന്നു സുകുമാരി. ഇമേജ് എന്ന സങ്കല്പത്തെ തകർത്തവരിൽ പ്രധാനി. കിട്ടിയ വേഷങ്ങളെല്ലാം തന്മയത്വം പുലർത്തി ജീവസുറ്റതാക്കി.

2012 ഫെബ്രുവരി 27ന് വീട്ടിലെ പൂജാമുറിയിൽ നിലവിളക്കു തെളിക്കുമ്പോൾ വസ്ത്രത്തിനു തീപിടിച്ച് പൊള്ളലേറ്റ് ചെന്നൈയിലെ ഗ്ലോബൽ മിഷൻ ആശുപത്രിയിൽ ചികിത്സയിൽ കഴിയവെയായിരുന്നു അന്ത്യം. അഭിനയകലയിലെ സൗകുമാര്യമായിരുന്ന സുകുമാരി 2013 മാർച്ച് 31ന് അന്തരിച്ചു.

*പ്രഭാഷണം*

# ജനതയെ ഒന്നിപ്പിച്ചു നിർത്തുന്നതാണ് ദേശീയത



**എം.പി. അബ്ദുസ്സമദ് സമദാനി**

**തോട്ടപ്പള്ളി** ഗ്രാമം അഴീക്കോടിനെ ഓർക്കുന്നു എന്നത് വളരെവളരെ പ്രധാനപ്പെട്ട കാര്യമായിട്ട് എനിക്കു തോന്നുന്നു. അഴീക്കോടിന്റെ പേരിൽ വർഷാന്തം ഒരു പുരസ്കാരവും നൽകിവരുന്നു. ഈ സന്ദർഭം വളരെ ധന്യമാണ്. വളരെയേറെ പ്രചോദനാത്മകമാണ്. തൊട്ടടുത്താണ് പല്ലനയാറ്. അതിന്റെ തീരത്താണ് മലയാളത്തിന്റെ മഹാകവി, വിപ്ലവത്തിന്റെ ശുക്രനക്ഷത്രം എന്നൊക്കെ വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള കുമാരനാശാന്റെ അന്ത്യവിശ്രമസ്ഥാനം. തോന്നയ്ക്കൽ സ്മാരകത്തിന് ഞാൻ എം.പി.യായിരുന്നപ്പോൾ ഫണ്ട് നൽകിയിട്ടുണ്ട്. ഇവിടേക്ക് ആദ്യമായിട്ടാണ് വന്നത്. ഇതൊക്കെ എന്നും ഓർമിക്കുന്ന മുദ്രകളായിരിക്കും.

കുമാരനാശാൻ എത്ര പ്രധാനമാണ്. ശ്രീനാരായണഗുരു എത്ര പ്രധാനമാണ്. അഴീക്കോട് മാഷ് എത്ര പ്രധാനമാണ്. ആ മാഷിന്റെ പേരിൽ പുരസ്കാരം സ്വീകരിക്കുന്ന ഡോ.ഇക്ബാൽ എത്ര പ്രധാനമാണ്. സമൂഹത്തിനായി പ്രവർത്തിച്ചവരാണ് ഇവരെല്ലാം. സമൂഹത്തിന്റെ കൂടെ സഞ്ചരിച്ചവരാണ്. സമൂഹത്തെ കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് കൊണ്ടുവരാൻ നിരന്തരം യത്നിച്ചവരാണ്. അതാണ് അവരുടെ ജീവിതത്തെ ഇത്രയേറെ ധന്യമാക്കിയത്, ഇത്രയേറെ ആദരം അവർ പിടിച്ചുപറ്റിയത്. ആശാൻ എന്നു കേൾക്കുമ്പോൾ മാറ്റുവിൻ ചട്ടങ്ങളെ എന്നു നമ്മുടെ മനസ്സിൽ അറിയാതെ പ്രതിധ്വനിക്കും. ഒരു കവി ഒരു കാലഘട്ടത്തിൽ പറഞ്ഞിട്ടുള്ള വാക്കാണത്. ഒരുപക്ഷെ കേരളം കേട്ട ഏറ്റവും വലിയ മുദ്രവാക്യമല്ലേ അത്. അതിൽ രാഷ്ട്രീയമുണ്ട്. സംസ്കാരമുണ്ട്, സാഹിത്യമുണ്ട്, കവിതയുണ്ട്. ഒന്നാംതരം രാഷ്ട്രീയം അതിലടങ്ങിയിരിക്കുന്നു. അടുത്ത ദിവസം കോഴിക്കോട്ട് ടൗൺ ഹാളിൽ ഒരു പുസ്തക പ്രകാശനം ഉണ്ടായിരുന്നു. അത് നിയമത്തെ സംബന്ധിച്ച പുസ്തകമായിരുന്നു. എന്റെ സ്നേഹിതൻ അഡ്വ. ബഷീർ എഴുതിയ പുസ്തകമാണ്. ഡി.വൈ.എഫ്.ഐയുടെ മുൻ സംസ്ഥാന സെക്രട്ടറിയാണ് ബഷീർ. കാലിക്കട്ട് സർവ്വകലാശാലയുടെ ആദ്യത്തെ സ്റ്റുഡൻസ് യൂണിയൻ ജനറൽ സെക്രട്ടറിയാണ്. കെ.ഇ.എൻ.കുഞ്ഞുമുഹമ്മദും ശ്രീധരൻപിള്ളയും പല മേഖലങ്ങളിൽപ്പെട്ടവരും ഉണ്ടായിരുന്നു. കോടതികളിൽ നടക്കുന്ന പലതിനേയും, നീതിന്യായവ്യവസ്ഥയിലെ പല ചട്ടവട്ടങ്ങളെയും ചോദ്യം ചെയ്യുന്ന പുസ്തകമാണ്. എന്റെ പ്രസംഗത്തിന്റെ മധ്യേ അറിയാതെ ഞാനിത് ഓർത്തു. മാറ്റുവിൻ ചട്ടങ്ങളെ...... ഒരു ഗാനശകലവും എന്റെ ഓർമ്മയിൽ വന്നു. ഈ മണ്ണിൽ വന്നു നില്ക്കുമ്പോഴും അതെന്റെ ഓർമ്മയെ ഉണർത്തുന്നു. *പല്ലനയാറ്റിൽനിന്നിന്നും മുഴങ്ങുമാ/പല്ലവി കേട്ടുവോ ന്യായാസനങ്ങളെ....* അതുകൊണ്ടാണ് ആ പുസ്തകത്തിന്റെ പ്രകാശനത്തിൽ അതോർമ്മ വന്നത്. മാറ്റുവിൻ ചട്ടങ്ങളെ എന്നു പറഞ്ഞിട്ട് വയലാർ ചോദിക്കുന്നത് ന്യായാസനങ്ങൾ കേട്ടുവോ എന്നാണ്. ചെറുപ്പത്തിൽ അത് കേൾക്കുമ്പോൾ തന്നെ എനിക്കൊരു കോരിത്തരിപ്പുണ്ടായിരുന്നു. എന്തുകൊണ്ടാണ് വയലാറിന് അങ്ങനെ എഴുതാൻ സാധിച്ചത്. ആരു കേട്ടുവോ എന്നു ചോദിച്ചപ്പോൾ എന്തുകൊണ്ടാണ് വയലാർ ന്യായാസനങ്ങളെ അത് കേൾപ്പിക്കണമെന്ന് ആഗ്രഹിച്ചത്?

ഒരു കവി മറ്റൊരു കവിക്ക് അഭിമുഖമായി നിൽക്കുന്ന നേരം. ചരിത്രത്തെ പുളകച്ചാർത്തണിയിക്കുന്ന നേരമാണത്. ആശാന് അഭിമുഖമായി വയലാർ. രണ്ടുപേരും ഏറെക്കുറെ ഒരേ ധാരയിൽ. ഒരാൾ മഹാകവി. മറ്റൊരാൾ കവിയോടൊപ്പം ഒന്നാന്തരം ഗാനരചയിതാവ്. മലയാളം ഉള്ളിടത്തോളം കാലം രണ്ടുപേരും ജീവിക്കും. മലയാളമുള്ളിടത്തോളം കാലം ആശാൻ ജീവിക്കും. ഏതൊരു സംഗതിയേയും ജനകീയമാക്കുന്ന ദൗത്യമാണത്. വയലാർ സാഹിത്യത്തെ ജനകീയമാക്കി, കവിതയെ ജനകീയമാക്കി. ഒക്കെ ആലപ്പുഴ ജില്ലയുടെയുംകൂടി സുകൃതമാണ്.

മലപ്പുറത്തിന്റെ പ്രദേശം. അവിടെ ഒന്നുമില്ലായെന്നു തോന്നിയേക്കാം. എം.ഗോവിന്ദന്റെ ദേശമാണത്. കേരളം കണ്ട ഹ്യൂമനിസ്റ്റ്. മലയാളത്തിൽ ഹ്യൂമനിസം എം.ഗോവിന്ദന്റേതാണ്. വേണ്ടത്ര അദ്ദേഹം മനസ്സിലാക്കപ്പെട്ടുവോ, എനിക്ക് സന്ദേഹമുണ്ട്. ഇടപ്പാൾ പോലെയുള്ള പ്രദേശത്താണ്. അവിടെയാണ് അക്കിത്തം. അവിടുത്തന്നെ ഉറൂബ്. കുറച്ചപ്പുറത്ത് വള്ളത്തോൾ. കുറച്ചുകൂടി അപ്പുറത്തുപോയാൽ പൂന്താനം. മൊയീൻകുട്ടി വൈദ്യർ, തൊട്ടടുത്ത് വി.ടി.ഭട്ടതിരിപ്പാട്. അവിടെത്തന്നെ കുട്ടിക്കൃഷ്ണമാരാർ, സെയ്ദുദാൻ മഹ്ദൂം. ഒരുപ്രദേശം മറ്റൊരു പ്രദേശവുമായിട്ട് താരതമ്യം ചെയ്ത് ഞങ്ങളാണ് മികച്ചത് എന്നു പറയാൻ ഒരവകാശവുമില്ല. ആലപ്പുഴ എന്നെ പ്രചോദിപ്പിക്കാറുണ്ട്. അതിന്റെ സാഹിത്യപാരമ്പര്യം, രാഷ്ട്രീയപാരമ്പര്യം. കേരളത്തിന്റെ രാഷ്ട്രീയം ആലപ്പുഴയില്ലാതെ ചിന്തിക്കാൻ കഴിയില്ല. കോൺഗ്രസ് പ്രസ്ഥാനം, കമ്യൂണിസ്റ്റ് പ്രസ്ഥാനം, ചലച്ചിത്രശാഖ, നാടകം, കെ.പി.ഏ.സി, സംഗീതം. അവസാനം ആശാനെ ഏറ്റുവാങ്ങാനും ഈ മണ്ണിന് അവസരമുണ്ടായി, അത് വളരെ നിർഭാഗ്യമാണെങ്കിലും. കാരണം ബോട്ടപകടത്തിൽപ്പെട്ടിട്ടാണല്ലോ ആശാൻ നിര്യാണം പ്രാപിക്കുന്നത്. പക്ഷെ, ഈ മണ്ണ് ഏറ്റുവാങ്ങി. അവിടുത്തെ നാട്ടുകാർ ദേഹം വിട്ടുകൊടുക്കില്ലായെന്നു പറഞ്ഞു. അവരുടെ തീരുമാനം വളരെയേറെ ചരിത്രപരമായിരുന്നു. ആശാന്റെ ശരീരം വിട്ടുകൊടുക്കില്ലായെന്നു പറഞ്ഞതിൽ എന്തുണ്ട് തെറ്റ്? ഒരു കവിയെ ഏറ്റെടുക്കുക. പിൽക്കാല തലമുറകൾ ആ കവിയുടെ പാരമ്പര്യത്തോടെ കൂറു പുലർത്തുമ്പോൾ ആ കവിയുടെ തീർത്ഥസ്ഥാനം തേടുമ്പോൾ, തങ്ങളുടെ സ്വന്തം മണ്ണ് കവിയുടെ തീർത്ഥസ്ഥാനമായി കിടക്കണമെന്ന ആഗ്രഹം. ഇതുതന്നെയാണ് പ്രധാനം. മാറ്റുവിൻ ചട്ടങ്ങളെ. ഡോ.ഇക്ബാലിനെക്കുറിച്ച് മറ്റൊന്നും പറയേണ്ടതില്ല. അദ്ദേഹം കേരളത്തിൽ വിദ്യാഭ്യാസരംഗത്ത്, ആരോഗ്യരംഗത്ത് മാറ്റുവിൻ ചട്ടങ്ങളെ എന്ന് വിളിച്ചുപറഞ്ഞ കേരളീയ പ്രതിഭയാണ്. അതുവരെ പലരും സഞ്ചരിച്ച വഴിയിൽനിന്നും മാറി നടന്നു. മാറി നടക്കണം. നമ്മുടെ ഒരു വഴി കണ്ടെത്തിയാൽ മാറി നടക്കണം. ചിലർ പറയും പഴയതൊന്നും വേണ്ടായെന്ന്. പഴയതിലും നന്മയുണ്ട്. പുതിയ *ജീവിത സംസ്കാരത്തോട് ഭയം.*

*പഴയ സംസ്കാരത്തിന്റെ കൂടെ സഞ്ചരിക്കാനുള്ള മോഹം.*

*ഇത് കഠിനമായിട്ടുള്ള ഒരു അവസ്ഥാവിശേഷമാണ്.*

ഉറുദുവിൽ എഴുതിയപ്പോൾ മഹാകവി ഇക്ബാൽ കഠിൻ എന്ന വാക്കുപയോഗിച്ചു. ഭാരതീയ ഭാഷകളിലൊക്കെ സംസ്കൃതത്തിന്റെ മുദ്രയെവിടെയെങ്കിലും കാണും. അതും അഴീക്കോടിന് കല്പിക്കാവുന്ന ഒരു ആദരവാണ്.

അഴീക്കോട് സംസ്കൃതത്തിലെ ജ്ഞാനസാഗരങ്ങളിൽ നീന്തിത്തുടിച്ചു. എന്നിട്ടാണ് മലയാള സാഹിത്യത്തിൽ അദ്ദേഹം തന്റെ പ്രതിഭ പ്രയോഗിക്കുന്നത്. ഉപനിഷത്ത്, വേദങ്ങൾ. തത്ത്വമസി എന്ന ഒരൊറ്റഗ്രന്ഥം. ജനതകളുടെ ജീവിതത്തിൽ ഇത് വളരെ ക്ലിഷ്ടമായിട്ടുള്ള ഒരു അവസ്ഥാവിശേഷമാണ്. നമുക്ക് ഈ പ്രശ്നത്തെ വളരെ പെട്ടെന്നു പരിഹരിക്കാൻ സാധിക്കും. പഴയതിന്റെ നന്മകൾ ഉണ്ടാകട്ടെ, പുതിയതിന്റെ നന്മകളും ഉണ്ടാകട്ടെ. പഴമയുടെ തിന്മയെ തിരസ്കരിക്കുക. എത്ര വലിയ പാരമ്പര്യമാണെങ്കിലും. പുതിയതായി കടന്നുവരുന്നതിൽ എത്രവലിയ വശീകരണശക്തിയുണ്ടെങ്കിലും അതിന്റെ അരുതായ്കകളെ, തിന്മകളെ നിരാകരിക്കുക. അങ്ങനെയുള്ള ഒരു മൂല്യനിർദ്ധാരണം ആവശ്യമായിട്ടുള്ള ഒരു ഘട്ടമാണ് നമ്മുടെ മുന്നിലുള്ളത്. ഇതാണ് അഴീക്കോട് മാഷ് നിർവ്വഹിച്ച ദൗത്യം എന്നു ഞാൻ വിശ്വസിക്കുന്നു. പഴയതിന്റെ നന്മകളെ വാരിക്കോരിയെടുത്തു. അതിനെയൊന്നും തള്ളിപ്പറഞ്ഞില്ല; ഗാന്ധിജി ചെയ്തതുപോലെ. അഴീക്കോടിന്റെ പ്രചോദനം, അഴീക്കോടിന്റെ പ്രതിഭയുടെ പ്രഭവങ്ങൾ പ്രധാനമായിട്ട് വേദോപനിഷത്തുകളായിരുന്നു. വ്യക്തിയെ എടുത്തുപറയുകയാണെങ്കിൽ മഹാത്മ ഗാന്ധിജി ആദ്യം. ഗാന്ധിജി പലരീതിയിൽ ഇന്നു ചർച്ച ചെയ്യപ്പെടുകയാണ്. അഴീക്കോടുണ്ടായിരുന്നുവെങ്കിൽ ആ ചർച്ചകൾക്ക് വളരെ ശക്തമായ നവീനമാനങ്ങൾ കൈവരുമായിരുന്നു. തന്റെ ഏറ്റവും വലിയ ഗുരുനാഥനായിട്ട് അഴീക്കോട് മഹാത്മഗാന്ധിയെ കണ്ടു. എനിക്കു തോന്നുന്നു, രണ്ടാമതായിട്ടു വിവേകാനന്ദനായിരിക്കും. അഴീക്കോടിന്റെ വിവേകാനന്ദൻ. ഭാരതത്തിന്റെ ഏറ്റവും മഹാനായിട്ടുള്ള സന്യാസി. ആ പാരമ്പര്യത്തെ എത്ര ആവേശത്തോടെയാണ് അഴീക്കോട് ആശ്ലേഷിച്ചത്. പിന്നീട് ശ്രീനാരായണഗുരു. നാരായണഗുരു കേരളത്തെ എങ്ങനെ രൂപപ്പെടുത്തിയെന്നതിനെക്കുറിച്ച് നല്ല ബോധം അഴീക്കോടിനുണ്ടായിരുന്നു. അത് അദ്ദേഹം നന്നായി മനസ്സിലാക്കിയിരുന്നു. അദ്ദേഹത്തിന്റെ ചിന്തയിലും പ്രവൃത്തിയിലും അതിന്റെ ഒരു പ്രഭാവം എപ്പോഴും പ്രകടമായിരുന്നു. തൊട്ടടുത്ത് വാഗ്ഭടാനന്ദൻ. ഇവരിലൊക്കെ ആധ്യാത്മികതയുണ്ട്. ഗാന്ധിജിയിലുണ്ട്, വിവേകാനന്ദനിൽ ധാരാളമുണ്ട്. നാരായണഗുരുവിൽ വേണ്ടുവോളം. വാഗ്ഭടാനന്ദനിൽ പറയേണ്ടതില്ല. ഇവരൊക്കെയായിരുന്നു അഴീക്കോടിന്റെ പ്രതിഭയെ രൂപീകരിച്ചതെന്നു പറയുമ്പോൾ തന്നെ മനസ്സിലാക്കാൻ സാധിക്കുന്നില്ലേ എന്തായിരുന്നു അഴീക്കോടിന്റെ ഭൂമികയെന്ന്. എവിടെയാണ് അഴീക്കോട് കാലുറപ്പിച്ചു നിന്നത്. പിന്നീട് ലോകത്തെ മഹാകവികൾ, ദാർശനികന്മാർ. ഭേദവിചാരങ്ങൾ കൂടാതെ സുകുമാർ അഴീക്കോട് അവരെ നെഞ്ചോടു ചേർത്തുനിർത്തി. ഏതു ഭാഷയിലേയും മഹാമനീഷികളായിട്ടുള്ള മാർഗ്ഗദർശികൾ, അവരെ അദ്ദേഹം സ്വീകരിച്ചു. സാരേ ജഗാം സേ അഛാ... ഞാൻ മലയാളത്തിലേക്ക് വ്യാഖ്യാനസഹിതം പരിഭാഷപ്പെടുത്തുകയുണ്ടായി. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ ദേശസ്നേഹഗീതമാണത്. തലമുറകളായിട്ട് അത് പാടിക്കൊണ്ടിരിക്കുകയാണ്. ഗാർഗിലിലെ പട്ടാളക്കാർ അതിന്റെ ചുവട് ഒപ്പിച്ചാണ് മാർച്ചു ചെയ്യുന്നത്. പണ്ഡിറ്റ് രവി ശങ്കറാണ് അതിനു സംഗീതം നൽകിയത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന അർദ്ധരാത്രിയിൽ നെഹ്റു പ്രസംഗിക്കുന്ന സദസ്സിൽ സുചേത കൃപാലിനി ഈ ഗാനമാണ് പാർലമെന്റിന്റെ സെൻറർ ഹാളിൽ ആലപിച്ചത്.

എന്റെ ജീവിതത്തിൽ കൈവന്ന ഒരു ഭാഗ്യം ഞാൻ ഓർക്കുന്നു. ഞാൻ പാർലമെന്റ് അംഗമായിരുന്ന കാലത്താണ് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി ആഘോഷിച്ചത്. അമ്പതു വർഷം തികയുന്ന ആ അർദ്ധരാത്രിയിൽ, നെഹ്റു പ്രസംഗിച്ച ആ അർദ്ധരാത്രിയിൽ നടന്നതൊക്കെ ആവർത്തിച്ചു. അതേ സമയത്ത്, അതേമാതിരി. ലതാമങ്കേഷ്കറെ കൊണ്ടുവന്നു. അവർ അത് ആലപിച്ചു. ഞാനോർക്കാൻ കാരണം, അത് ഞാൻ പരിഭാഷപ്പെടുത്തി വ്യാഖ്യാനത്തോടെ പ്രസിദ്ധീകരിച്ചപ്പോൾ അതിന് ഒരവതാരിക ആരെക്കൊണ്ട് എഴുതിക്കണമെന്ന കാര്യത്തിൽ രണ്ടുവട്ടം ചിന്തിക്കേണ്ടിയിരുന്നില്ല. ഡോ.സുകുമാർ അഴീക്കോട്. മലയാളത്തിലെ കിടയറ്റ എഴുത്തുകാരനായതുകൊണ്ടോ, മഹാപ്രതിഭയായതുകൊണ്ടോ, സാഹിത്യ നിരൂപകനോ ആയതുകൊണ്ടുമാത്രമല്ല. എത്രമാത്രം അന്വർത്ഥമാണ് അദ്ദേഹത്തെപ്പോലെയുള്ള ഒരു വ്യക്തിയുടെ അവതാരിക ആ പുസ്തകത്തിലെന്നുള്ളത് മനസ്സിലാക്കാൻ. അതിന്റെ പ്രകാശനത്തിൽ ഞാൻ മാഷെ ക്ഷണിച്ചു. മാഷാണ് പ്രകാശനം ചെയ്തത്. അന്ന് മാഷ് പറഞ്ഞു, എനിക്കിതൊരു പുസ്തകം മാത്രമല്ല, ഞാനീ കവിത പാടി നടന്നയാളാണ് സ്വാതന്ത്ര്യസമരകാലത്ത്. സാരേ ജഗാം സേ അച്ഛാ, ഹിന്ദുസ്ഥാൻ ഹാമാരാ.. അങ്ങനെ പറയാൻ ഇനിയാരുണ്ട്? കാരണം, കാലം തന്നെ മാറുകയാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തവരൊക്കെ ഏറെക്കുറെ പോയിക്കഴിഞ്ഞില്ലേ.

ഒരു കാലഘട്ടം അഴീക്കോടിനെ നിർമ്മിച്ചു. കാലഘട്ടം പ്രധാനമാണ്. ചുറ്റുപാട് പ്രധാനമാണ്. അതിർത്തിയില്ലാതെ കവികളൊക്കെ സ്വീകരിച്ചു. ആശാനെ അഴീക്കോട് മാഷ് സ്നേഹിച്ചു എന്നു ഇവിടെ പറഞ്ഞു. സ്നേഹിച്ചു എന്നു പറഞ്ഞാൽ പോരാ. ആശാനെ പ്രതിരോധിച്ചു എന്നു പറയാൻ കൂടി ഞാൻ തുനിയുന്നു. ആശാനു കാവൽ നിന്നു. ആശാനെ ആക്രമിക്കാൻ വന്നപ്പോൾ ആശാനു ചുറ്റും ഒരു ശക്തിദുർഗ്ഗം, അദൃശ്യമായ ഒരു ശക്തിദുർഗ്ഗം സൃഷ്ടിച്ചു. അക്കാലത്തല്ല, ആശാന്റെ കാലശേഷം. കവി എന്നും ജീവനുണ്ട്. കുമാരനാശാന്റെ ചിന്താവിഷ്ടയായ സീതയിൽ, സീത വളരെ പരുഷമായിട്ട് ശ്രീരാമനോട് സംസാരിക്കുന്ന ഭാഗം നമുക്ക് വായിക്കാൻ സാധിക്കും. അത് അന്നു വളരെ വലിയ വിമർശനം ക്ഷണിച്ചുവരുത്തി. ആശാൻ വലിയ ആക്ഷേപങ്ങൾക്ക് വിധേയനായി. യാഥാസ്തികത്വം നെറ്റിചുളിച്ചു. പക്ഷെ, പിൽക്കാലത്ത് പ്രശസ്തമായ തന്റെ പുസ്തകത്തിൽ സുകുമാർ അഴീക്കോട് എണ്ണിയെണ്ണി ആ

# ജനതയെ ഒന്നിപ്പിച്ചു നിർത്തുന്നതാണ് ദേശീയത

ശാനെതിരായ അഭിപ്രായങ്ങളെ നിരാകരിച്ചു. ആ വിമർശനങ്ങളെ തള്ളിക്കളഞ്ഞു. അതാണ് ഞാൻ പ്രതിരോധിച്ചു എന്നു പറഞ്ഞത്. ആശാന് ഒരു പ്രതിരോധം ഉണ്ട് എന്നുള്ള അർത്ഥത്തിലല്ല ഞാൻ ഇതു പറയുന്നത്. പക്ഷേ, സാഹിത്യരംഗത്ത്, നിരൂപണരംഗത്ത്, അന്ന് അത് വളരെ പ്രധാനപ്പെട്ട ഒരു സംഗതിയായിരുന്നു. ശ്രീരാമനോട് സീത പരുഷമായിട്ട് സംസാരിക്കുകയോ? എന്താണ് ആശാൻ എഴുതിപ്പിടിപ്പിച്ചിരിക്കുന്നത് എന്ന് സാഹിത്യത്തിൽ മോശമല്ലാത്തവർ പറയുമ്പോൾ, സാഹിത്യത്തിൽ അഭിപ്രായത്തിനു വിലയുള്ളവർ പറയുമ്പോൾ, അങ്ങനെയല്ല, ആശാന്റെ സീതാകാവ്യം, ആശാന്റെ സീതാപരാമർശം എത്രമേൽ യുക്തിബന്ധുരമാണ്, എത്രമേൽ രാമായണത്തിന്റെ ആത്മാവിനോട് ചേർന്നു നില്ക്കുന്നതാണ് എന്ന് സുകുമാർ അഴീക്കോടിന് സ്ഥാപിക്കാൻ സാധിച്ചു. ആശാനോട് വൈകാരികമായ ബന്ധമായിരുന്നു. ഒരു കവിയോടുള്ള കേവല സാഹിത്യ ബന്ധമല്ലായത്. തീർത്തും വൈകാരികമായിരുന്നു. അങ്ങനെയുള്ള വൈകാരിക ബന്ധങ്ങൾ ഉണ്ടാകുന്നത് തെറ്റല്ല. ചിലരെ നിർമ്മിക്കുന്നത് അത്തരം വൈകാരിക ബന്ധങ്ങളാണ്. ആരോടും ഒരു വൈകാരിക ബന്ധമില്ലാത്ത കാലമാണിത്. അച്ഛനോടോ, അമ്മയോടോ, അയൽക്കാരോടോ വൈകാരിക ബന്ധമില്ലാത്ത കാലം. എന്നിട്ടല്ലേ, ദർശനങ്ങൾ, പ്രത്യയശാസ്ത്രങ്ങൾ, പ്രതിഭകൾ, മഹാകവികൾ, മഹാഗുരുക്കന്മാർ– അവരോടുള്ള വൈകാരിക ബന്ധത്തിന്റെ കാര്യം അവിടെയിരിക്കട്ടെ. സ്വന്തം മാതാപിതാക്കളോടുപോലും വൈകാരിക ബന്ധം കുറഞ്ഞുവരുന്ന ഇക്കാലത്ത് പുതിയ തലമുറയ്ക്ക് പഠിക്കാനുള്ള പാഠങ്ങൾ ഇതിലടങ്ങിയിരിക്കുന്നു.

അഴീക്കോടുമാഷ് വാക്കുകൾ ഉപയോഗിച്ചു. പ്രധാനമന്ത്രിയായിരുന്നില്ല, മുഖ്യമന്ത്രിയായിരുന്നില്ല, മന്ത്രിയായിരുന്നില്ല, എം.പിയായിരുന്നില്ല, എം.എൽ.എയായിരുന്നില്ല, പഞ്ചായത്ത് പ്രസിഡന്റോ മെമ്പറോ ആയിരുന്നില്ല. അദ്ദേഹം ചെല്ലുന്നിടത്തൊക്കെ ആളു കൂടി. മലയാളികൾ അദ്ദേഹത്തെ കേൾക്കാൻ താല്പര്യപ്പെട്ടുവന്നു. മാധ്യമപ്രവർത്തകർ അദ്ദേഹത്തിന്റെ ചുറ്റുംകൂടി. എന്തെങ്കിലും ഒരു വിഷയം വന്നാൽ, അദ്ദേഹത്തിന്റെ പ്രതികരണം അറിയാൻ തൃശൂരിലെ അദ്ദേഹത്തിന്റെ വാസസ്ഥാനത്ത് പത്രക്കാരുടെ കൂട്ടമുണ്ടായി. ഉന്നത ഭരണാധികാരികൾക്കു നൽകുന്ന പ്രാധാന്യം അദ്ദേഹത്തിനവർ നൽകി. പ്രസ്താവനകൾക്ക് കോളങ്ങൾ അനുവദിച്ചു, പ്രസംഗങ്ങൾക്ക് അനുവദിച്ചു. ഓരോ ദിവസവും ഒരു ഡോക്ടറെപ്പോലെ കേരളീയ സമൂഹത്തെ, വിശേഷിച്ചും കേരളത്തിന്റെ രാഷ്ട്രീയത്തെ അദ്ദേഹം സ്തെതസ്കോപ്പുകൊണ്ട് പരിശോധിച്ചു. മരുന്നായി സ്വന്തം വാക്കു കുറിച്ചുകൊടുത്തു. ഒരു രോഗത്തിന് ഒരു മരുന്ന്. വേറെ രോഗത്തിന് വേറൊരു മരുന്ന്.

ജനങ്ങളുടെ ഐക്യത്തിനുവേണ്ടി അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. മതേതരത്വത്തെ നിലനിർത്താൻ, മതനിരപേക്ഷതയെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കാൻ അദ്ദേഹം അത്യദ്ധ്വാനം ചെയ്തു. എത്രയോ സന്ദർഭങ്ങൾ. സ്വന്തം ജീവൻ പോലും പണയപ്പെടുത്തുന്ന പ്രസംഗ പര്യടനങ്ങൾ. അദ്ദേഹത്തെ പ്രസംഗമധ്യേ തടയാൻ ശ്രമിച്ചവർ. അതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. എന്തിനുവേണ്ടിയായിരുന്നു അത്? ഗാന്ധിജിയുടെ ഇന്ത്യ. നെഹ്റുവിന്റെ ഇന്ത്യ. അതു നിലനിൽക്കണം. ഇവിടുത്തെ വ്യത്യസ്ത സമുദായക്കാരും മതവിശ്വാസികളും ഒന്നിച്ചുനിൽക്കണം. പരസ്പരം ആദരിക്കണം. അവർ തല തല്ലി ചാകരുത്. അവർ പരസ്പരം കുത്തിമലർത്തരുത്. അതിനുവേണ്ടിയുള്ള പ്രസംഗം. അതിനുവേണ്ടിയുള്ള എഴുത്ത്. ദേശിയോദ്ഗ്രഥനത്തിനുവേണ്ടിയുള്ള രചന. ദേശത്തെ, ദേശത്തിന്റെ പാരമ്പര്യത്തെ, ദേശീയതയെ ഒക്കെ അദ്ദേഹം ജനതയുടെ ഐക്യത്തിനുള്ളഉപാധിയും ഉപകരണങ്ങളുമാക്കി.

ജനതയെ വിഭജിക്കാനല്ല ദേശവും ദേശീയതയും. ജനതയെ ഒന്നിപ്പിച്ചു നിർത്താനാണ്. അതിനേക്കാൾ വലിയ മനുഷ്യത്വമില്ല. അതിനേക്കാൾ വലിയ മതമില്ല എന്നു ഞാനും വിശ്വസിക്കുന്നു. നമ്മളൊക്കെ വിശ്വസിക്കുന്നു. ജനങ്ങളെ ഒരുമിപ്പിച്ചു നിർത്തണം. വിഘടന വിവേചന വർഗീയ തീവ്ര സങ്കല്പങ്ങളെ, വിചാരങ്ങളെ പിഴുതെറിയണം. ജനത തോളോടുതോൾ ചേരണം. അതിനായിരിക്കണം മതം. അതിനായിരിക്കണം രാഷ്ട്രീയം. അതിനായിരിക്കണം കല. അതിനായിരിക്കണം സാഹിത്യം. അതിന് ഒന്നാന്തരം ഉപകരണമാണ് വാക്ക് എന്നദ്ദേഹം കണ്ടെത്തി. പാർശവത്കരിക്കപ്പെട്ടവരെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന വാക്കായിരുന്നു അഴീക്കോട്. തപ്ത മനുഷ്യന്റെ ആർത്തനാദങ്ങളെ ആവിഷ്കരിച്ച ശബ്ദമായിരുന്നു അഴീക്കോട്. ശബ്ദമില്ലാത്തവന്റെ ശബ്ദമായിരുന്നു അഴീക്കോട്. അഴീക്കോടിന്റെ പ്രസംഗം കേൾക്കുമ്പോൾ ഒരു മലയാളിക്ക് തോന്നും എന്റെ മനസ്സിലുള്ള കാര്യമാണല്ലോ ഈ മെലിഞ്ഞ മനുഷ്യൻ വിളിച്ചുപറയുന്നതെന്ന്. എനിക്കത് പറയാൻ കഴിയില്ല. അദ്ദേഹം എനിക്കുവേണ്ടി പറയുന്നു. അദ്ദേഹം എന്റെ സ്വരമായിരിക്കുന്നു. അദ്ദേഹം എന്റെ നാവായിരിക്കുന്നു. അദ്ദേഹം എന്റെ സ്വപ്നവും സാക്ഷാത്കാരവുമായിരിക്കുന്നു. അതുകൊണ്ടാണ് അദ്ദേഹം ഇത്രമേൽ സ്നേഹിക്കപ്പെട്ടത്. അഴീക്കോട് എടുത്ത എല്ലാ സമീപനങ്ങളും ശരിയായിരുന്നുവെന്നോ, അഴീക്കോടിന്റെ എല്ലാ വിമർശനങ്ങളും നൂറു ശതമാനം ന്യായമായിരുന്നുവെന്നോ എന്നൊന്നും അതിനർത്ഥമില്ല. ഓരോരുത്തർക്കും ഓരോ അഭിപ്രായമുണ്ടാകാം. അതൊക്കെ അംഗീകരിക്കണം. ജനാധിപത്യത്തിൽ അതൊക്കെ അംഗീകരിച്ചുപോകണം.

അദ്ദേഹവും വീരേന്ദ്രകുമാറും തമ്മിലുള്ള അഭിപ്രായ വ്യത്യാസം തീർക്കാൻ ശ്രമിച്ച ആളാണ് ഞാൻ. രണ്ടുപേരെയും ആദ്യമായി ഒരു ചടങ്ങിൽ പങ്കെടുപ്പിക്കുന്നത് കോഴിക്കോട്ടെ ഞങ്ങളുടെ അക്കാദമിയിലാണ്. അവിടെ പലപ്രാവശ്യം അഴീക്കോട് മാഷ് വന്നു പ്രസംഗിച്ചിട്ടുണ്ട്. അവർ അകന്നു നിന്നതിന്റെ നഷ്ടം കേരളത്തിനായിരുന്നു. പലരും ഈ അകൽച്ച മൂർച്ച കൂട്ടാൻ ശ്രമിച്ചു. ഞാൻ രണ്ടുപേരോടും സംസാരിച്ചു. രണ്ടുപേരും വളരെ പെട്ടെന്നു സ്വീകരിച്ചു. എനിക്കിന്നും ഓർമയുണ്ട്. ഐ.എൻ.എസ്സിന്റെ വലിയ ഭാരവാഹിയായിട്ട് വീരേന്ദ്രകുമാർ തെരഞ്ഞെടുക്കപ്പെടുക കൂടി ചെയ്ത സമയമായിരുന്നു അത്. വീരേന്ദ്രകുമാറിന് ഒരു മാലയിട്ടാലോ എന്നു ഞാൻ മാഷിനോടു ചോദിച്ചു. പത്രത്താളുകളിലെ രൂക്ഷവിമർശനങ്ങളെ എല്ലാം മറന്നുകൊണ്ട് എന്തുകൊണ്ട് ആയിക്കൂടാ എന്ന് അദ്ദേഹം ചോദിച്ചു. അദ്ദേഹം മാലയിട്ടു. നമ്മൾ ഇത്തരം കാര്യങ്ങൾ മനസ്സിലാക്കണം.

കണ്ണിചേർക്കാൻ ശ്രമിക്കുന്ന വ്യക്തിത്വമായിരുന്നു സുകുമാർ അഴീക്കോട്. മോഹൻലാൽ എന്നോടു പലപ്പോഴും പറഞ്ഞിട്ടുണ്ട്, അഴീക്കോട് മാഷ് വിമർശിച്ചപ്പോഴുണ്ടായ മനഃപ്രയാസങ്ങൾ. മാഷ് വളരെ രൂക്ഷമായിട്ട് വിമർശിക്കുന്നു, എന്തിന്? ഓരോരുത്തർക്കും അവരവരുടേതായ ന്യായങ്ങൾ കാണും. പക്ഷെ, ഏറ്റവും വലിയ ന്യായം സമന്വയത്തിനുള്ള ന്യായമാണ്. എന്നെപ്പോലെ പലരും മോഹൻലാലിനോടു പറഞ്ഞു. അദ്ദേഹം അമല ആശുപത്രിയിലേക്കു പുറപ്പെട്ടു. ഞാനിപ്പോൾ കോണി കേറാൻ പോകുന്നു എന്നു പറഞ്ഞിട്ട് എന്നെ വിളിച്ചു. മാഷിന്റെ മുന്നിലെത്തി. മാഷ് കൊച്ചുകുഞ്ഞിനെപ്പോലെ. എന്തൊരു സന്തോഷമായിരുന്നു. ക്ഷോഭിക്കുന്ന അഴീക്കോടിനകത്ത് ഒരു നിഷ്കളങ്കനായ കുഞ്ഞ് ഉണ്ടായിരുന്നു. കലാപം സൃഷ്ടിക്കുന്ന വാക്കിന്റെ പിറകിൽ ഒരു ധ്യാനവും മൗനവുമുണ്ടായിരുന്നു. ആ മൗനത്തിന്റെ ശക്തിയായിരുന്നു, അല്ലെങ്കിൽ ആ മൗനമായിരുന്നു അഴീക്കോടിന്റെ അഗ്നിസ്ഫുലിംഗങ്ങൾ തൊടുക്കുന്ന വാക്കുകളുടെ ഗർഭഗൃഹം എന്നെനിക്കു തോന്നുന്നു. അവിടെ നിന്നുമായിരുന്നു ആ വാക്കുകൾ പിറവികൊണ്ടത്. ആദ്ധ്യാത്മികമായ പാതകളിലൂടെ സഞ്ചരിച്ച വ്യക്തി, തത്ത്വമസി എഴുതിയ വ്യക്തി– അതായിരുന്നു അഴീക്കോട്.

ഡോ.ഇക്ബാൽ നമ്മുടെ നൈതികതയുടെ വക്താവാണ്. നീതിബോധമാണ് പ്രധാനം. എവിടെയും വേണ്ടത് എത്തിക്സാണ്. അതാണ് ഇന്ന് ഇല്ലാതായിക്കൊണ്ടിരിക്കുന്നത്. വ്യക്തിയിൽ, സമൂഹത്തിൽ, കുടുംബത്തിൽ, രാഷ്ട്രീയത്തിൽ, മതപ്രവർത്തനത്തിൽ, സാമൂഹിക പ്രവർത്തനത്തിൽ എവിടെയും എപ്പോഴും വേണ്ടത് നൈതികതയാണ്. നമുക്കൊക്കെ നിൽക്കാൻ കഴിയുന്ന വേദി അതാണ്. അഭിപ്രായവ്യത്യാസങ്ങൾ നമുക്കിടയിൽ ഉണ്ടാവാം. ഡോ.ഇക്ബാലും ഞാനുമൊക്കെ ഒരേ അഭിപ്രായക്കാരാണെന്നു വിചാരിച്ചിട്ടാണോ ഞാനിത് പറയുന്നത്?

കേരളമിന്ന് രോഗത്തിലേക്ക് കൂപ്പു കുത്തുമ്പോൾ ഈ മനുഷ്യൻ ഒരുകാലത്ത് പറഞ്ഞ കാര്യങ്ങൾ, ചുട്ടുപ്പൊള്ളുന്ന സത്യങ്ങളായിരുന്നു. ഇന്ന് എന്താ സ്ഥിതി. ആതുരാലയങ്ങൾ വലിയ വ്യവസായശാലകളായി. ലോകത്തിലെ എല്ലാ മരുന്നുകളും കൊണ്ടുവന്ന് വിറ്റഴിക്കാനുള്ള ഇടമായി കേരളത്തെ, ഇന്ത്യയെ മാറ്റുന്നു. ആശുപത്രി വേണ്ടെന്നല്ല. ആകാശം മുട്ടുന്ന ആശുപത്രികൾ. വ്യവസായ സ്ഥാപനങ്ങളും അതിന്റെ പുകക്കുഴലുകളുമാണ് നാം കണ്ടിരുന്നത്. ഇന്ന് ആകാശംമുട്ടുന്ന കോൺക്രീറ്റ് സൗധങ്ങൾ മലയാളിയുടെ മുന്നിൽ ഉയർന്നുനില്ക്കുമ്പോൾ പതിറ്റാണ്ടുകൾക്കുമുമ്പ് ഡോ.ഇക്ബാൽ പറഞ്ഞ കാര്യങ്ങൾ, യുക്തിഭദ്രമായ കാര്യങ്ങൾ. സമൂഹത്തിന് അങ്ങനെയുള്ളവരുടെ വാക്കുകൾ, അങ്ങനെ അവർ നൽകുന്ന ദിശാബോധം എത്ര പ്രസക്തമാണെന്നു നമ്മെ ബോധ്യപ്പെടുത്തുന്നു. അഴീക്കോടിനെപ്പോലെയുള്ളവർ പ്രസംഗിച്ചു. ഡോ.ഇക്ബാലിനെപ്പോലെയുള്ളവർ പ്രസംഗിക്കുകയോ, എഴുതുകയോ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുകയോ ചെയ്തു. ശാസ്ത്രത്തെ ജനകീയമാക്കി; അഴീക്കോട് സാഹിത്യത്തെ ജനകീയമാക്കിയതുപോലെ. എന്തിന്റെയും മൂല്യം വർദ്ധിപ്പിക്കുന്നത് അതിന്റെ ജനകീയതയാണ്. അതിന്റെ ജീവിതപരതയാണ്. തത്വമാകട്ടെ, പ്രവണതയാകട്ടെ, പ്രതിഭാസമാകട്ടെ, മൂല്യമാകട്ടെ, വിലപ്പെട്ട എന്തുമാകട്ടെ, മനുഷ്യരാണ്, ജനങ്ങളാണ്. അരമന കാക്കുന്ന കാവൽക്കാരുടെ മുന്നിലതൊക്കെ അർത്ഥശൂന്യമായിരിക്കുന്നു. ഭാഷ, കല, സാഹിത്യം, ശാസ്ത്രം ഒക്കെ ജനതയുടെ കൈയ്യിൽ വരട്ടെ. ജനങ്ങൾക്ക് ഉപകാരപ്പെടട്ടെ. മനുഷ്യനും സമൂഹത്തിനും ഉപകാരപ്പെടാത്ത അത്തരം കാര്യങ്ങളെക്കൊണ്ട് എന്തു പ്രയോജനം. അഴീക്കോട് മാഷിന്റെ പ്രസംഗങ്ങളിലൂടെ എന്തൊക്കെ മനസ്സിലാക്കി. ഗാന്ധിജിയെ എത്ര മനസ്സിലാക്കി.

എഴുത്തോ പ്രസംഗമോ? എഴുത്താണ് നിലനിൽക്കുന്നത്. പക്ഷെ, ജനങ്ങളുടെ അടുക്കൽ പെട്ടെന്ന് എത്തുന്നതോ? പ്രസംഗമാണ്. ഇതിലെ ഏതിനെ തെരഞ്ഞെടുക്കണമെന്ന ആന്തരിക സംഘർഷം അഴീക്കോട് മാഷ് അനുഭവിച്ചിട്ടുണ്ടാവണം എന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. അവസാനമൊക്കെ അദ്ദേഹം ഏറെക്കുറെ എഴുത്തിനെ പിണക്കി. പ്രസംഗത്തെ സ്വന്തമാക്കി. പ്രസംഗം കുറെക്കൂടി ജനകീയമാണ്. അക്ഷരാർത്ഥത്തിൽ അത് ജനതയുടെ കലയാണ്. അത് ജനമനസ്സിനെ സ്വാധീനിക്കുന്നതാ



## കടമ്മനിട്ട രാമകൃഷ്ണൻ

**ചേപ്പാട് ഭാസ്കരൻനായർ**

**ക**ടമ്മനിട്ട ഗ്രാമത്തെ
കടൽകടത്തിവിട്ടവൻ
പടയണിക്കൊപ്പം തന്നെ
കടൽകടന്നല്ലോ കവി!

കവിതജനത്തിന്നേകാൻ
കാരണക്കാരൻ
ചൊൽക്കാഴ്ചയാസ്വദിച്ചീടാൻ
കാഴ്ചക്കാരേറെയുണ്ടായി
കവിയരങ്ങുകൾ പിന്നെ
കാവ്യസന്ധ്യകളായ് മാറി.

"അക്ഷരം അറിവിൻ ഖനി
രക്ഷാകവചമതല്ലോ
അതെടുത്തു ധരിച്ചോളൂ'
കവി നമ്മെ ഉണർത്തിച്ചു.

'കടിഞ്ഞൂൽ പൊട്ട'നെ, പിന്നെ
'കാട്ടാളനെ', 'കുറത്തി'യെ
ഒട്ടേറെ മർത്ത്യരെ നൽകി
ഇഷ്ടമായ് മലയാളിക്ക്.

കടമ്മനിട്ടക്കാവിൽ ഹാ
പടയണിക്കോലമിന്നും
അനുഷ്ഠാനകലയായി
ഉറഞ്ഞല്ലോ തുള്ളീടുന്നു

പടയണിക്കൊപ്പം തന്നെ
ഓർക്കുന്നു കവിയെയിന്നും
കാലം ഹാ! നെഞ്ചിലേറ്റുന്നു
കവിയെസ്വന്തമായ്ത്തന്നെ!!

കടമ്മനിട്ടയുടെ ചരമദിനമാണ് മാർച്ച് 31.

*സുവർണ്ണഗീതങ്ങൾ*





**ടി.പി.ശാസ്തമംഗലം**

# കവിത ചാലിച്ചെഴുതിയ ചിത്രം

ചിത്തിര നക്ഷത്രത്തോടുകൂടിയ പൂർണ്ണിമ ഉണ്ടാകുന്നതിനാലാണ് കൊല്ലവർഷത്തിലെ മേടത്തിന് ചിത്തിരമാസം അഥവാ ചൈത്രമാസം എന്നു പറയുന്നത്. പന്ത്രണ്ടു ചാന്ദ്രമാസങ്ങളിൽ ആദ്യത്തേതാണ് ചൈത്രം. വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം, ഭാദ്രപദം, ആശ്വിനം, കാർത്തികം, മാർഗ്ഗശീർഷം, പുഷ്യം, മാഘം, ഫാല്ഗുനം എന്നിവയാണ് മറ്റു മാസങ്ങൾ. വസന്തകാലത്തിന്റെ തുടക്കം കുറിക്കുന്നത് ഈ മാസത്തിലാണ്. അതുകൊണ്ടാവാം കവികൾക്കു ചൈത്രം എന്നും പ്രിയപ്പെട്ട വിഷയമാണ്. ധാരാളം കവിതകളും ഗാനങ്ങളും അതുമായി ബന്ധപ്പെട്ട് മലയാളത്തിൽ പിറന്നിട്ടുണ്ട്. എൻ.എൻ.കക്കാടിന്റെ ചൈത്രം എന്ന കവിത അക്കൂട്ടത്തിൽ ഒരു ഉദാഹരണം മാത്രം.

*ഇന്നലെ ചൈത്രം പിറന്നുവെന്നോ സഖേ*
*കൊന്നയും വാകയും പൂത്തുവെന്നോ*
*മാവിൽ കനകം കനത്തുവെന്നോ*
*കാവിലിളം കാറ്റിളകിയെന്നോ?*

എന്നിങ്ങനെ ചൈത്രമാസത്തിൽ പ്രകൃതിക്കുവന്ന മാറ്റങ്ങൾ ഒന്നൊന്നായി വർണ്ണിക്കുകയാണ് കവി.

ചൈത്രത്തെ ആസ്പദമാക്കി നാം കേട്ട ഗാനങ്ങളിൽ ചില്ല് എന്ന ചിത്രത്തിനുവേണ്ടി ഒ.എൻ.വി കുറുപ്പ് എഴുതിയതാണ് കൂട്ടത്തിൽ ഏറ്റവും മികച്ചത് എന്നു പറയാം.

*ചൈത്രം ചായം ചാലിച്ചു-നിന്റെ*
*ചിത്രം വരയ്ക്കുന്നു- നിൻ ചാരു*
*ചിത്രം വരയ്ക്കുന്നു*

ഭൂമിക്ക് സൗന്ദര്യം പ്രദാനം ചെയ്യുന്ന മാസമാണ് ചൈത്രം. ആ ചൈത്രം ചായം ചാലിച്ച് നായികയുടെ ചാരുചിത്രം വരയ്ക്കുകയാണ്. അതിൽനിന്നുതന്നെ നായികയ്ക്കു ഭൂമുഖത്തുള്ള സ്ഥാനവും അവളുടെ മനോഹാരിതയും പറയാതെ വ്യക്തമാക്കാൻ കവിക്കു സാധിച്ചു. അനേകം വരികളിലൂടെ മാത്രം ആവിഷ്കരിക്കാൻ പലരും ശ്രമിക്കുന്ന ആശയം ലഘുവായ പല്ലവിയിൽ കാവ്യാത്മകമായി ഒരുക്കിയിരിക്കുകയാണ് ഒ.എൻ.വി. കാച്ചിക്കുറുക്കി പറഞ്ഞ ഈ രീതി കവിതയ്ക്കു ഏറെ ഗുണം ചെയ്യുമെന്ന് ഗാനം കേൾക്കുന്നവരും തലകുലുക്കി സമ്മതിക്കും.

ചൈത്രം വരയ്ക്കുന്ന ഈ ചിത്രത്തിലേക്കു ആസ്വാദകർ താല്പര്യത്തോടെ നോക്കാൻ ഇട നൽകും വിധത്തിലാണ് അദ്ദേഹം വരികൾ ചമച്ചിരിക്കുന്നത്. ഗാനത്തിന്റെ പല്ലവി ഒരർത്ഥത്തിൽ ശ്രദ്ധ ക്ഷണിക്കലാണ്. അതിൽ ആസ്വാദകരുടെ മനസ്സുടക്കി കഴിഞ്ഞാൽ ഗാനത്തോടൊപ്പം അവർ അനുധാവനം ചെയ്യുമെന്ന് കവിക്കുറപ്പുണ്ട്.

*എങ്ങുനിന്നെങ്ങുനിന്നീ കവിൾത്തട്ടിലീ*
*കുങ്കുമവർണ്ണം പകർന്നു?*
*മാതളപ്പൂക്കളിൽ നിന്നോ? മലർ*
*വാകതളിർത്തതിൽ നിന്നോ?*
*പാടിപ്പറന്നുപോം*
*എൻ കളിത്തത്തതൻ*
*പാടലമാം ചുണ്ടിൽനിന്നോ?*

നായികയെക്കുറിച്ചുള്ള ചിത്രത്തിന്റെ വിശേഷഗുണങ്ങളിലേക്കു മെല്ലെ കടക്കുകയാണ് കവി. അവളുടെ കവിൾത്തട്ടിലെ കുങ്കുമവർണ്ണമാണ് ആദ്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടത്. അത് എവിടെ നിന്നു പകർന്നു കിട്ടി എന്നാണ് കവിക്കറിയേണ്ടത്. ആ വർണ്ണം ലഭിക്കാനിടയുള്ള മൂന്നു ഉറവിടങ്ങൾ അദ്ദേഹം കണ്ടെത്തി. ഓരോന്നും കാവ്യമർമ്മതജ്ഞതയ്ക്ക് നിദർശനമാണ്. മാതളപൂവും മലർവാകയുടെ തളിരും കളിത്തത്തയുടെ പാടലമാം ചുണ്ടും എല്ലാം നായികയുടെ കവിൾത്തടങ്ങൾക്ക് കുങ്കുമവർണ്ണം പകരാൻ വേണ്ടിയാണ് ഈശ്വരൻ സൃഷ്ടിച്ചതെന്ന ഭാവനിഷ്പത്തിയിലേക്കാണ് കവി നമ്മെ നയിക്കുന്നത്.

*എങ്ങുനിന്നെങ്ങുനിന്നീക്കുളർനെറ്റിയിൽ*
*ചന്ദനവർണ്ണം പകർന്നു?*
*ഈ മിഴിപ്പൂവിലെ നീലം- ഇന്ദ്ര-*
*നീലമണിച്ചിലിൽനിന്നോ*
*മേനിയിലാകെ*
*പ്പടരുമീ സൗവർണ്ണ-*
*മേതുഷഃസന്ധ്യയിൽ നിന്നോ?*

ചൈത്രം ചായം ചാലിച്ച് നായികയുടെ ചിത്രം വരയ്ക്കുന്നതിനെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് ഒ.എൻ.വി ഗാനം സമാരംഭിച്ചത്. ആ ചിന്ത ഗാനത്തിലുടനീളം അദ്ദേഹം പുലർത്തുന്നുണ്ട്. നായികയുടെ മേനിയഴകിനു മാറ്റുകൂട്ടാൻ ഓരോ വർണ്ണവും എത്രത്തോളം സഹായകരമായി വർത്തിക്കുന്നുണ്ട് എന്നു വെളിപ്പെടുത്താനും അദ്ദേഹം കൈവന്ന അവസരം ഉപയോഗിച്ചു.

നായികയുടെ നെറ്റിക്ക് ചന്ദനവർണ്ണമാണ്. മിഴിപ്പൂക്കൾക്ക് ഇന്ദ്രനീലത്തിന്റെ ശോഭയിലലിയുന്നു. മേനിയാകെ പടർന്നിരിക്കുന്നത് സ്വർണ്ണനിറമാണ്. അങ്ങനെ നായികയുടെ നിറത്തെക്കുറിച്ചുമാത്രം സൂചിപ്പിച്ചുകൊണ്ട് ഒ.എൻ.വി ഗാനം പൂർത്തിയാക്കിയിരിക്കുന്നു. അദ്ദേഹം രചനയിൽ കൈക്കൊണ്ട ഈ പുതിയ സമീപനം നന്നായിട്ടുണ്ട്. ചൈത്രം ചായം ചാലിച്ചാണ് നായികയുടെ ചാരുചിത്രം വരച്ചതെന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും കവി കവിത ചാലിച്ചെഴുതിയ ചിത്രമാണിതെന്നു വ്യക്തം.

എം.ബി.ശ്രീനിവാസൻ ഈ ഗാനത്തിനു കൊടുത്ത ഈണം ഹിന്ദുസ്ഥാനി സംഗീതത്തിലെ ആഹിർഭൈരവ് എന്ന ജന്യരാഗത്തെ ഉപയോഗിച്ചുള്ളതാണ്. ആഹിർ ഭൈരവ് ഒരു സമ്പൂർണ്ണരാഗമാണ്. ഭൈരവ് പാട്ടിൽ ജന്യം. ഷഡ്ജ- പഞ്ചമ സ്വരങ്ങൾക്കു പുറമെ കോമള ഋഷഭം, തീവ്രഗാന്ധാരം, ശുദ്ധമധ്യമം, തീവ്രധൈവതം, കോമള നിഷാദം എന്നിവയാണ് ഈ രാഗത്തിലെ മറ്റു സ്വരങ്ങൾ. ഇത് ഒരു പ്രഭാതരാഗമായിട്ടാണ് പരിഗണിച്ചുപോരുന്നത്. ഗാനത്തിന്റെ ഒടുവിൽ ഉഷഃസന്ധ്യയെക്കുറിച്ചുള്ള പരാമർശവും. പൊതുവെ വരികളെല്ലാം തന്നെ പ്രഭാതത്തിനു ഇണങ്ങുന്നതാണെന്ന കണ്ടുപിടുത്തവുമാവാം അദ്ദേഹത്തെ അതിനു പ്രേരിപ്പിച്ചത്. കർണ്ണാടകസംഗീതത്തിലെ പതിനാറാമത്തെ മേളകർത്താരാഗമായ ചക്രവാകവും ചക്രവാകത്തിന്റെ ജന്യരാഗമായ ഭക്തപ്രിയയും ആഹിർഭൈരവിയോടെ വളരെയധികം സാമ്യമുള്ള രാഗങ്ങളാണെന്നു പറയാം. ഏതു രാഗവും ഭാവോജ്വലമായി ആലപിക്കാൻ കഴിവുള്ള യേശുദാസ് പാടി പുറത്തുവന്നതോടെ ഗാനത്തിന് സിനിമയിൽ മാത്രമല്ല അല്ലാതെയും നിലനില്പുണ്ട് എന്ന അവസ്ഥ വന്നു. അതിനു ഇന്നും മാറ്റം വന്നിട്ടില്ല.

# ജനതയെ ഒന്നിപ്പിച്ചു നിർത്തുന്നതാണ് ദേശീയത

ണ്. അതിലൂടെ കേരളത്തിലൂടെ അദ്ദേഹം പറന്നുനടന്നു. എന്തൊക്കെ വൈകാരികമായ ഓർമ്മകളാണ് എത്തുന്നത്. അസുഖമായി അമല ആശുപത്രിയിൽ കിടക്കുമ്പോൾ മറ്റു പലരേയുംപോലെ ഞാനും കാണാൻ പോകുമായിരുന്നു. ചില മധുരമായ കള്ളങ്ങൾ അദ്ദേഹത്തോടു പറയുമായിരുന്നു. കലശലായ രോഗം, കഠിനമായ രോഗം, മാരകമായ രോ ഗം. ഏതാനും ദിവസമെ ഇനി ബാക്കിയുള്ളുവെന്ന് ഡോക്ടർമാരൊക്കെ പറയുമായിരുന്നു. മാഷക്ക് ഒരസുഖവുമില്ല. ഇതൊക്കെ മാറും. നാളെ പ്രസംഗിക്കും. മാഷ് കാസർഗോഡുനിന്നും തിരുവനന്തപുരത്തേക്ക് ഒരു പ്രസംഗപര്യടനം പുറപ്പെടും. ഞങ്ങളൊക്കെ കൂടെയുണ്ടാവും. കൊച്ചു കുഞ്ഞിനെപ്പോലെ കിടക്കയിൽ നിന്നും എഴുന്നേറ്റിരിക്കും. ഇനി ഞാൻ പ്രസംഗിക്കുമോ? മാഷ് പ്രസംഗിക്കും. ഒറ്റപ്പാലത്തുനിന്നും ഒരു പെൺകുട്ടി മാഷിനെ കാണാൻ വന്നിട്ട് ഒരു കവിത എഴുതി തലയിണയുടെ അടുത്തുവെച്ചിരുന്നു. അതൊന്ന് ചൊല്ലണമെന്ന് ഞാൻ ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന എല്ലാവരും എന്നോടു പറഞ്ഞു. മാഷിന്റെ കട്ടിലിന്റെ അടുത്തിരുന്നിട്ട് ആ കവിത ആലപിച്ചു. അദ്ദേഹത്തിന്റെ കണ്ണിൽ നിന്നും കണ്ണീർ ഒലിച്ചിറങ്ങുന്നതുകണ്ടു. എല്ലാ കാര്യങ്ങളിലും വ്യാപരിക്കുമ്പോഴും നാമൊക്കെ എത്ര നിസ്സഹായരാണെന്നും എന്നെ പഠിപ്പിച്ച ദിവസങ്ങൾകൂടിയാണത്. വേദന വന്ന സമയത്ത് ഞാൻ നെഞ്ചു തടവിക്കൊടുത്തു. സമദാനി തലോടിയപ്പോൾ എനിക്ക് വേദന പോയി. നല്ല സുഖം തോന്നുന്നു. സ്പർശം ആത്മീയമല്ലെ മാഷേ? ഞാൻ പറഞ്ഞു. മാഷ് എഴുന്നേറ്റിരുന്നിട്ട് ഇരുപത് മിനിട്ട് പ്രസംഗിച്ചു. സ്പർശനത്തിലെ ആത്മീയത. ഞാനിന്നും വേദിക്കുന്നു. ആ പ്രസംഗം റിക്കാർഡ് ചെ യ്യാൻ കഴിഞ്ഞില്ലല്ലോ. അത് സുകുമാർ അഴീക്കോടിന്റെ അവസാനത്തെ പ്രസംഗമാകുമായിരുന്നു. സ്പർശനത്തിലെ ആത്മീയത. ഞാൻ അതിലൊക്കെ വിശ്വസിക്കുന്ന ആളാണ്. മാതാപിതാക്കൾ മക്കൾക്ക് കാശു കൊടുത്താൽ പോരാ. കഞ്ഞി കോരികൊടുക്കണമെന്ന് വിശ്വസിക്കുന്ന ഒരാളാണ്. താങ്ങിയിരുത്തണം എന്നു വിശ്വസിക്കുന്ന ഒരാളാണ്. നെറ്റി തടവി കൊടുക്കണം എന്നു വിശ്വസിക്കുന്ന ഒരാളാണ്. എന്റെ പിതാവിന്റെ കാല് മടിയിൽവെച്ച് ഉഴിഞ്ഞുകൊടുക്കലായിരുന്നു അദ്ദേഹത്തിന്റെ അവസാനകാലത്തെ എന്റെ ജോലി. എന്റെ പിതാവ് എ ന്റെ ഗുരുനാഥനായിരുന്നു. എന്റെ ആദ്യത്തെ പാഠശാല എന്റെ വീടായിരുന്നു. അറബി, ഉറുദു, ഹിന്ദി, ഇംഗ്ലീഷ്, സംസ്കൃതം എന്നീ ഭാഷകൾ ഉപ്പയിൽ നിന്നുമാണ് പഠിച്ചു തുടങ്ങിയത്. ഉപ്പയുടെ കാലു വേദനിക്കുമ്പോൾ അമർത്തി തലോടുമായിരുന്നു. സ്പർശത്തിലെ ആത്മീയത. അടുത്ത കാലത്ത് ഞാൻ ഒരു വാക്കിന്റെ അർത്ഥം കണ്ടെത്തി. മിശിഹാ എന്ന വാക്കിന് തലോടുന്നവൻ എന്നാണ് അർത്ഥം. എന്നെ സംബന്ധിച്ചിടത്തോളം രണ്ടാഴ്ചയായിട്ടേയുള്ളു കണ്ടെത്തിയിട്ട്. ഖുർ ആനിൽ യേശുവിനെപ്പറ്റി പരാമർശിച്ചിട്ടുണ്ട്. യേശുമസീൻ. മിശിഹ എന്ന വാക്കു തന്നെയാണ് മസീഹ്. ഞാനത്ഭുതപ്പെട്ടുപോയി. മസഹ എന്ന വാക്കിന് തലോടുക എന്നാണർത്ഥം. മസീൻ തലോടുന്നവൻ. അതറിഞ്ഞപ്പോഴുണ്ടായ അത്ഭുതവും ആനന്ദവും എന്നെ പ്രചോദിപ്പിക്കുന്നു.

മതം തലോടാനാണ്. രാഷ്ട്രീയം തലോടാനാണെന്നു ഞാൻ പറയും. രാഷ്ട്രീയത്തിൽ കലാപം വേണ്ടേ? കലാപവും തലോടാനാണ്. രാഷ്ട്രീയത്തിൽ ഒച്ചയും വിളിയും ഒക്കെവേണ്ടേ? രാഷ്ട്രീയത്തിൽ ബന്ദ് നടത്തണ്ടേ, ഹർത്താൽ നടത്തണ്ടേ. വേണ്ടായെന്നു ഞാൻ പറയും. അതൊന്നും തലോടാനുള്ളതല്ല. ദുഃഖിക്കുന്ന മനുഷ്യനെ തലോടണം. മതത്തിന്റെ ദൗത്യം തന്നെ അതാണ്. മതം ഉണ്ടായത് അതിനുവേണ്ടിയാണ്. ഭീകരതയും വർഗ്ഗീയതും മതമല്ല. ഒട്ടും അല്ല. അതു പറയാൻ രണ്ടു വട്ടം ആലോചിക്കേണ്ട ആവശ്യമേയില്ല. ഏതു മതത്തെ പഠിച്ചാലും വളരെ പെട്ടെന്നു മനസ്സിലാക്കാൻ കഴിയുന്ന സത്യമാണ് അത്. മതത്തിന്റെ അടുത്തുകൂടി പോകാത്തവരാണ് വർഗ്ഗീയ വാദികൾ.

Managing Editor: Mathew George. 130 Alburger Ave, Philadelphia. PA 19115, Tel: 267-991-2111. Chief Editor: George Thazhakara (Saboo George).
Tel:0479-2300668, 94473 55710 e-mail:georgethazhakara@gmail.com. Indian Office: Mitranikethan, Mavelikara 690 102, Kerala, India.